بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ      نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ      وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 9

ലക്കം 35

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ഓഗസ്റ്റ് 29/ഹി.ശം 1403 ളുഹൂർ 29/ഹി:ഖ 1446 സ്വഫർ 23

## അല്ലാഹുവിന്റെ വചനം

وَهُوَ الَّذِیۡ مَدَّ الۡاَرۡضَ وَجَعَلَ فِیۡهَا رَوَاسِیَ وَاَنۡهٰرًا ؕ وَمِنۡ كُلِّ الثَّمَرٰتِ جَعَلَ فِیۡهَا زَوۡجَیۡنِ اثۡنَیۡنِ یُغۡشِی الَّیۡلَ النَّهَارَ ؕ اِنَّ فِیۡ ذٰلِكَ لَاٰیٰتٍ لِّقَوۡمٍ یَّتَفَكَّرُوۡنَ ○ (سورۃ الرّعد آیت 4)

ഭൂതലത്തെ വികസിപ്പിക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന പർവതങ്ങളേയും നദികളേയും ഉണ്ടാക്കുകയും ചെയ്തവനത്രെ അവൻ. എല്ലാതരം കായ്കനികളിൽനിന്നും അവൻ ഈ രണ്ട് ഇണകളെ അതിൽ ഉണ്ടാക്കിയിരിക്കുന്നു. പകലിനെ രാവിനാൽ അവൻ മൂടുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### നീതിന്യായത്തിന്റെ പ്രാധാന്യം

ഹദ്റത്ത് ആഇശ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: "നിങ്ങൾക്കു മുമ്പേയുള്ളവർ നശിപ്പിക്കപ്പിക്കപ്പെട്ടത്, അവരിലെ വലിയവർ മോഷ്ടിച്ചാൽ അവരെ വിട്ടയക്കുകയും അവരിലെ ദരിദ്രരിലാരെങ്കിലും മോഷ്ടിച്ചാൽ അവർക്കെതിരിൽ ശിക്ഷ വിധിക്കുകയും ചെയ്തതുകൊണ്ടാണ്. അല്ലാഹുവാണെ സത്യം! മുഹമ്മദിന്റെ മകൾ ഫാത്വിമ മോഷ്ടിക്കുകയാണെങ്കിൽ ഞാനവളുടെ കൈയും വെട്ടിയിടുന്നതാണ്." *(ബുഖാരി കിതാബുസ്സ്വുൽഹി, ബാബു അസ്സ്വുൽഹി ഫിദ്ദിയത്തി)*

### ഈമാനിന്റെ സ്വാദ്

ഹദ്റത്ത് അനസ്(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: "ഒരാളിൽ മൂന്നുഗുണവിശേഷങ്ങളുണ്ടെങ്കിൽ അയാൾ സത്യവിശ്വാസത്തിന്റെ മാധുര്യം ആസ്വദിച്ചിരിക്കുന്നു. മറ്റാരോടുമുള്ളതിനെക്കാൾ പ്രിയം അല്ലാഹുവിനോടും അവന്റെ റസൂലിനോടും ഉണ്ടായിരിക്കുക. മനുഷ്യനെ അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ട് മാത്രം സ്നേഹിക്കുക. ദൈവനിഷേധത്തിലേക്ക് മടങ്ങുന്നതിനെ നരകത്തിലേക്ക് തള്ളപ്പെടുന്നതിനെയെന്നപോലെ വെറുക്കുക." *(ബുഖാരി കിതാബുൽ ഈമാൻ, ബാബു ഹലാവത്തുൽഈമാനി)*

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

**ഈ ലക്കത്തിൽ**

ജുമുഅ ഖുത്വ്ബ
12 ജൂലൈ 2024

ജുമുഅ ഖുത്വ്ബ
26 ജൂലൈ 2024

## ഓർമിക്കുക, നമസ്കാരത്തിൽ ആനന്ദം അനുഭവിച്ചിട്ടില്ലാത്തവൻ ഈമാനിന്റെ മധുരം രുചിച്ചിട്ടില്ല.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**നമസ്കാരത്തിൽ പ്രാർഥിക്കലും കേണുപറയലും**

മനുഷ്യന്റെ ത്യാഗസന്നദ്ധപരമായ ജീവിതത്തിന്റെ വലിയ കനപ്പെട്ട നിലവാരം നമസ്കാരമാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ നമസ്കാരത്തിൽ കേണപേക്ഷിച്ചുകൊണ്ടിരിക്കുന്നവൻ സമാധാനത്തിലിരിക്കുന്നു. ഒരു കുഞ്ഞ് തന്റെ മാതാവിന്റെ മടിയിൽ കരഞ്ഞുകരഞ്ഞിരിക്കുന്നു. തന്റെ മാതാവിന്റെ സ്നേഹവും വാത്സല്യവും അനുഭവിക്കുകയും ചെയ്യുന്നു. ഇപ്രകാരം നമസ്കാരത്തിൽ കേണപേക്ഷിച്ചും താഴ്മയോടുംകൂടി ദൈവസന്നിധിയിൽ പൊട്ടിക്കരയുകയും ചെയ്യുന്നവൻ, ആശ്രിതർക്ക് അഭയം നല്കുന്നവന്റെ മടത്തട്ടിൽ തന്നെ ഇട്ടുകൊടുക്കുകയാണ് ചെയ്യുന്നത്. ഓർമിക്കുക, നമസ്കാരത്തിൽ ആനന്ദം അനുഭവിച്ചിട്ടില്ലാത്തവൻ ഈമാനിന്റെ മധുരം രുചിച്ചിട്ടില്ല. നമസ്കാരം വെറും നെറ്റി നിലത്തുമുട്ടിക്കുന്നതിന്റെ പേരല്ല. ചിലയാളുകൾ കോഴികൊത്തിപ്പിറക്കുന്നതുപോലെ രണ്ടുനാലു പ്രാവശ്യം ചുണ്ടു മുട്ടിച്ച് നമസ്കാരം അവസാനിപ്പിക്കുന്നു. പിന്നീട് നീണ്ട ദുആ ചെയ്യാൻ തുടങ്ങുന്നു. വാസ്തവത്തിൽ ദൈവസന്നിധിയിൽ ദുആ ചെയ്യാൻ കിട്ടിയ അവസരത്തെ വെറും ആചാരപരമായ നിലയിൽ വേഗം വേഗം അവസാനിപ്പിക്കുന്നതിൽ കഴിച്ചുകൂട്ടുകയാണ് അവർ ചെയ്യുന്നത്. ദൈവസവിധത്തിൽനിന്ന് പുറത്തുവന്ന് ദീർഘമായി ദുആ ചെയ്യുന്നു! നമസ്കാരത്തിൽ ദുആ ചെയ്യുക. നമസ്കാരത്തെ ദുആയുടെ ഒരു മധ്യവർത്തിയായും മാർഗമായും മനസ്സിലാക്കുക. *(മൽഫൂദാത്ത് വാള്യം 2, പേജ് 28, 2018 പതിപ്പ് ഖാദിയാൻ)*

## തൗഹീദിന്നെതിരിൽ ശിർക്ക് ചെയ്യുക എന്നത് ആരെങ്കിലും മുകളിൽനിന്ന് വീഴുകയും കഷണംകഷണമായിത്തീരുകയും കാറ്റ് ആ കഷണങ്ങളെ ദൂരത്തേക്ക് എടുത്തെറിയുകയും ചെയ്തതു പോലെയാണ്.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹജ്ജ് എന്ന അധ്യാത്തിലെ 32-ാമത്തെ വചനമായ **വമൻയ്യുശ്‌രിക് ബില്ലാഹി ഫകഅന്നമാ ഖർറ മിനസ്സമാഇ ഫതഖ്ത്വഫുഹുത്ത്വയ്റു ഔ തഹ്‌വീ ബിഹിർരീഹു ഫീ മകാനിൻ സഹീഖിൻ** (ആരെങ്കിലും അല്ലാഹുവിനോടുവല്ലതിനേയും പങ്കുചേർക്കുന്നതായാൽ തീർച്ചയായും അവൻ ഉയരത്തിൽനിന്ന് വീണവനെപ്പോലെയായിരിക്കും. അപ്പോൾ പക്ഷികൾ അവനെ തട്ടിയെടുത്തുകൊണ്ടുപോകും. അല്ലെങ്കിൽ അവനെ കാറ്റ് വിദൂരസ്ഥലത്ത് കൊണ്ടുപോയിടും)എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:തൗഹീദിന്നെതിരിൽ ശിർക്ക് ചെയ്യുക എന്നത് ആരെങ്കിലും മുകളിൽനിന്ന് വീഴുകയും കഷണം കഷണമായിത്തീരുകയും കാറ്റ് ആ കഷണങ്ങളെ ദൂരത്തേക്ക് എടുത്തെറിയുകയും ചെയ്തതു പോലെയാണ്. കാരണം മുശ്‌രിക് അഥവാ അന്യാരാധകൻ പല യജമാനന്മാരേയും നിശ്ചയിച്ചു വെക്കുന്നു. ഓരോ യജമാനന്മാർക്കും അവന്റെ മാംസത്തിൽ അവകാശമുണ്ട്.

സാധാരണനിലയിൽ നേരെ മനസ്സിലാക്കാൻ പറ്റുന്ന ഒന്നല്ല ശിർക്കിന്റെ വിഷയം എന്ന കാര്യം ഇവിടെ ഓർമിക്കേണ്ടതാണ്. പ്രത്യുത വളരെ സൂക്ഷ്മമായ കാര്യമാണ്. ഇക്കാരണത്താലാണ് അധികം ജനതകളും പ്രത്യക്ഷത്തിൽ ശിർക്കിന്നെതിരാണെങ്കിലും കർമപരമായി ശിർക്കിൽ മുഴുകിയിരിക്കുന്നതായി കാണുന്നത്. അതിനുകാരണം അവർ ശിർക്കിന്റെ യാഥാർഥ്യം മനസ്സിലാക്കുന്നതിൽ പ്രാപ്തരായിരുന്നില്ല എന്നതാണ്. യഥാർഥകാര്യം ശിർക്കിന്റെ നിർവചനം ഏതെങ്കിലുമൊന്നല്ല. മറിച്ച് വിവിധ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ രോഗത്തിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കാവുന്നതാണ്. അതിനെ ഒരു നിർവചനത്തിന്റെ ഉള്ളിലൊതുക്കാൻ ശ്രമിക്കുവോളം ഈ കാര്യം ഒരിക്കലും അഴിക്കാൻ പറ്റാത്ത ഊരാകുടുക്കായിരിക്കും. എന്റെ നോട്ടത്തിൽ ശിർക്ക് താഴെ പറയുന്ന തരങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

ഒന്ന്: ഒരേപോലെ ശക്തിയുള്ള ഒന്നിൽ കൂടുതൽ അസ്തിത്വമുണ്ടെന്ന് വിചാരിക്കുക. അവരെല്ലാവരും ദുൻയാവിന്റെ വിധികർത്താവും നേതാവുമാണെന്ന് കരുതുക. ഇത് ദാത്തിലുള്ള അഥവാ സത്തയിലുള്ള ശിർക്കാണ്.

രണ്ട്: ലോകത്തെ നിയന്ത്രിക്കുന്ന അസ്തിത്വങ്ങൾ ഒന്നിലധികമുണ്ടെന്ന് വിചാരിക്കുക. അവർക്ക് കഴിവുകൾ വീതിച്ചിരിക്കുന്നു. ചിലരിൽ ചില കഴിവുകളും ചിലരിൽ ചിലകഴിവുകളുമാണുള്ളത്. ഈ ശിർക്കും ദാത്തിലുള്ള അഥവാ സത്തയിലുള്ള ശിർക്കിൽപ്പെട്ടതാണ്.

മൂന്ന്: വിവിധ ജനതകളിൽ വിനയം പ്രകടിപ്പിക്കുന്നതിനും എളിമ പ്രകടിപ്പിക്കുന്നതിനും സ്വീകരിക്കപ്പെട്ടിട്ടുള്ള കർമങ്ങളാണ്. അവയിൽ അങ്ങേയറ്റം വിനയം പ്രകടിപ്പിക്കുന്ന കർമങ്ങൾ അതാണെങ്കിൽ അല്ലാഹുവിനോടല്ലാതെ മറ്റാരോടും പ്രകടിപ്പിക്കാൻ പാടില്ലാത്തതാണ്, ഉദാഹരണത്തിന് അങ്ങേയറ്റം ഭവ്യതയുടേയും താഴ്മയുടേയും പ്രകടനത്തിന്റെ മാർഗമായ സുജൂദ് അഥവാ സാഷ്ടാംഗപ്രണാമം. ഈ കർമം അല്ലാഹുവിന്റെ മുമ്പിലല്ലാതെ മറ്റാരുടെ മുമ്പിലും അനുവദനീയമല്ല. പക്ഷേ, സാഷ്ടാംഗപ്രണാമത്തിനു പുറമെയും ഇതിന് വിവിധ ജനതകളിൽ വിവിധ ശാരീരിക ഭാവപ്രകടനങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഏതുപോലെയെന്നാൽ കൈകെട്ടി നില്ക്കുക, കുനിയുക തുടങ്ങിയവ. ഈ എല്ലാ കാര്യങ്ങളേയും അല്ലാഹു ദൈവാരാധനയുടെ ഭാഗമാക്കിയിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ ഈ കർമങ്ങൾ മറ്റാരുടെ മുമ്പിലും അനുവദനീയമല്ല.

നാല്: ശിർക്കിന്റെ നാലാമത്തെ ഇനം മനുഷ്യൻ ബാഹ്യമായ കാര്യഹേതുക്കളെ

ശേഷം പേജ് 11 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ബനൂ മുസ്ത്വലിഖ് യുദ്ധാവസ്ഥകളുടേയും സംഭവങ്ങളുടേയും വിവരണം. അതുപോലെ തന്നെ യു.കെ ജൽസസാലാനയ്ക്കുവേണ്ടിയും പങ്കെടുക്കുന്നവർക്കുവേണ്ടിയും ദുആ ചെയ്യാനുള്ള ആഹ്വാനം.**

**സ്വഹാബാക്കൾ തങ്ങളുടെ യജമാനർ ബനൂമുസ്ത്വലിഖിന്റെ നേതാവിന്റെ മകൾക്ക് ഭാര്യാപദം നൽകിയതിനാൽ ഇനി ആ മഹാത്മാവിന്റെ ഭാര്യാകുടുംബത്തെ തങ്ങളുടെ പക്കൽ ബന്ദിയാക്കിവെക്കുന്നത് നബി(സ)തിരുമേനിയുടെ അഭിമാനത്തിന് കോട്ടമുണ്ടാക്കുമെന്ന് കരുതി. അങ്ങനെ നൂറ് കുടുംബങ്ങളെ അതായത് ആയിരക്കണക്കിന് ബന്ദികളെ മോചനദ്രവ്യം കൂടാതെ ഒന്നിച്ച് സ്വതന്ത്രരാക്കി.**

**നബി(സ)തിരുമേനി ബനൂമുസ്ത്വലിഖ് യുദ്ധത്തിൽനിന്ന് വിജയിയായും സഹായിക്കപ്പെട്ടവനായും സാഫല്യമടഞ്ഞും സൗഭാഗ്യശാലിയായും മദീനയിൽ തിരിച്ചുവന്നു.**

**അടുത്ത വെള്ളിയാഴ്ച മുതൽ യു.കെ. ജൽസ ആരംഭിക്കുന്നതാണ്. അതിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാനിലയ്ക്കും ജൽസ അനുഗൃഹീതമാക്കുമാറാകട്ടെ. എല്ലാ പ്രവർത്തകർക്കും ഉന്നതമായ സ്വഭാവം പ്രകടിപ്പിച്ചുകൊണ്ടും ത്യാഗസന്നദ്ധതയോടും തങ്ങളുടെ കടമകൾ നിറവേറ്റാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ.**

**നാളിർ ദഅ്വത്തെ ഇലല്ലാഹ് ശിമാലീ ഹിന്ദ് ഖാദിയാൻ മുഹമ്മദു ഹമീദ് കൗഥർ സാഹിബിന്റെ ഭാര്യ സലീമ ബാനൂ സാഹിബ, ലാഹോറിലെ നൂറുൽഹഖ് മള്ഹർ സാഹിബ്, പരേതനായ മുഹമ്മദു ശഫീഅ് സാഹിബ് റബ്വയുടെ ഭാര്യ അമത്തുൽ ഹഫീള് നിഗ്ഹത്ത് സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2024 ജൂലൈ 19, 1403 വഫാ 19**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ബനൂമുസ്ത്വലിഖ് ഗസ്വ (നബി(സ)നേരിട്ട് പങ്കെടുത്തയുദ്ധം)യെപ്പറ്റി കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിരുന്നു. ഇതിന്റെ കൂടുതൽ വിശദീകരണങ്ങൾ ഹദീഥുകളിൽനിന്നും ചരിത്രത്തിൽനിന്നും ലഭ്യമാണ്. സ്വഹീഹ് ബുഖാരിയിൽ ഈ യുദ്ധത്തിന്റെ വിശദീകരണം ഇപ്രകാരം കാണാം.

നബി(സ)തിരുമേനി ബനൂമുസ്ത്വലിഖിനെ ആക്രമിച്ച സമയത്ത് അവർ അശ്രദ്ധയിലായിരുന്നു. അവർ തങ്ങളുടെ വളർത്തു മൃഗങ്ങൾക്ക് അരുവിയിൽനിന്ന് വെള്ളം കുടിപ്പിക്കുകയായിരുന്നു. നബി(സ)തിരുമേനി അവരിൽ യുദ്ധത്തിനുമുതിർന്നവരെ വധിക്കുകയും ചെയ്തു. ഈ ദിവസമാണ് നബി(സ)തിരുമേനിയ്ക്ക് ജുവയ്രിയയെ ലഭിക്കുന്നത്. നിവേദകൻ പറയുന്നു. ഈ സംഭവം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)ആണ് എന്നോടു പറഞ്ഞത്. അദ്ദേഹം ഈ സൈന്യത്തിലുണ്ടായിരുന്നു.*(സ്വഹീഹ് ബുഖാരി, കിതാബുൽ ഇത്ഖ്, ഹദീഥ് 2541)*

ചരിത്രകാരന്മാരും നബിചരിത്രകാരന്മാരും ബനൂമുസ്ത്വലിഖിനുണ്ടായ യുദ്ധത്തെപ്പറ്റിയുള്ള വിശദീകരണത്തിന് രണ്ട് നിവേദനങ്ങളേയും വിവരിച്ചത് കാണുമ്പോൾ ബുഖാരിയുടെ നിവേദനത്തിൽ ബനൂ മുസ്ത്വലിഖിന്റെ യുദ്ധത്തിന്റെ അവസ്ഥ വിവരിക്കുന്നതിൽ ഭിന്നാഭിപ്രായക്കാരാണെന്ന് തോന്നുന്നതാണ്. കാരണം ബുഖാരിയുടെ നിവേദനമനുസരിച്ച് മുസ്‌ലിമീങ്ങൾ ഓർക്കാപ്പുറത്ത് അവർ അശ്രദ്ധരായിരിക്കുമ്പോഴാണ് യുദ്ധം ചെയ്തത്. നിവേദനങ്ങളുടെ വ്യത്യാസം ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമ ഇബ്നു ഹജ്റിന്റെ മുന്നിലുമുണ്ടായിരുന്നു. അതുകൊണ്ട് അല്ലാമ ഇബ്നു ഹജ്ർ രണ്ട് വിധത്തിലുള്ള നിവേദനങ്ങളേയും സംയോജിപ്പിച്ചുകൊണ്ട് എഴുതുന്നു: "ഇസ്‌ലാമിക സൈന്യം അരുവിയിൽവച്ച് പെട്ടെന്ന് അവരെ വളഞ്ഞപ്പോൾ അവർ കുറച്ചുനേരം ഉറച്ചുനിൽക്കുകയും പിന്നെ അവർ രണ്ടുകൂട്ടരും അണിയണിയായി നിന്ന് യുദ്ധം ചെയ്യുകയും ചെയ്തിട്ടുണ്ടാകും. മുസ്‌ലിമീങ്ങൾ വിജയിക്കുകയും ബനൂ മുസ്ത്വലിഖ് പരാജയപ്പെടുകയും ചെയ്തു. അതായത് യുദ്ധം ആരംഭിച്ച ആദ്യഘട്ടത്തിൽ അവർ അശ്രദ്ധരായിരുന്നു. അതാണ് ഇമാം ബുഖാരി വിവരിച്ചത്. പിന്നീട് അവർ അണിനിരക്കുകയും മറ്റും ചെയ്തു. നബിചരിത്രകാരന്മാർ വിവരിച്ചതുപോലെ രണ്ട് കൂട്ടർക്കുമിടയിൽ യുദ്ധം നടക്കുകയും ചെയ്തു.

ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിലും ഇതു സംബന്ധമായി ഈ രണ്ട് സംഭവങ്ങളെ യോജിപ്പിച്ചിട്ടുണ്ട്. അദ്ദേഹം നബിചരിത്രകാരന്മാരേയും സ്വഹീഹ് ബുഖാരിയുടെ നിവേദനത്തേയും സംബന്ധിച്ചെഴുതുന്നു:

“ഈ യുദ്ധത്തെപ്പറ്റി സ്വഹീഹ് ബുഖാരിയിൽ വന്ന നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി ബനൂമുസ്ത്വലിഖിനെ ആക്രമിച്ച സമയത്ത് അവർ അശ്രദ്ധയിൽ തങ്ങളുടെ മൃഗങ്ങൾക്ക് വെള്ളം കൊടുക്കുകയായിരുന്നു. എന്നാൽ, ശ്രദ്ധാപൂർവ്വം വീക്ഷിക്കുകയാണെങ്കിൽ ഈ നിവേദനം ചരിത്രകാരന്മാരുടെ നിവേദനങ്ങൾക്ക് എതിരല്ലെന്ന് കാണാം. വാസ്തവത്തിൽ ഈ രണ്ടു നിവേദനങ്ങളും രണ്ടു വ്യത്യസ്ത സമയങ്ങളുമായി ബന്ധപ്പെട്ടതാണ്. അതായത് സംഭവം ഇപ്രകാരമാകുന്നു. ഇസ്‌ലാമിക സൈന്യം ബനൂ മുസ്ത്വലിഖിന്റെ സമീപമെത്തിയപ്പോൾ മുസ്‌ലമീങ്ങൾ തൊട്ടടുത്തെത്തിയെന്ന് അവർക്ക് അറിയില്ലായിരുന്നു. അതേസമയം ഇസ്‌ലാമിക സൈന്യം എത്താറായെന്ന് അവർക്ക് തീർച്ചയായും അറിവ് കിട്ടിയിരുന്നു. അവർ സമാധാനത്തിൽ ഒരു ചിട്ടയോടുകൂടി ക്രമത്തിലല്ലായിരുന്നു. ഈ അവസ്ഥയെയാണ് ബുഖാരിയുടെ നിവേദനത്തിൽ സൂചിപ്പിച്ചത്. എന്നാൽ, അവർ മുസ്‌ലിമീങ്ങളെത്തിയെന്ന് അറിഞ്ഞപ്പോൾ തങ്ങളുടെ നേരത്തെയുള്ള സ്ഥായിയായ തയ്യാറെടുപ്പ് പ്രകാരം, അതായത് അവർ നേരത്തെ യുദ്ധത്തിന് തയ്യാറായതുപോലെ ഉടൻതന്നെ അണിയായിനിന്ന് യുദ്ധത്തിന്

ഒരുങ്ങുകയുണ്ടായി. ഇതേപ്പറ്റിയാണ് ചരിത്രകാരന്മാർ പറയുന്നത്. ഈ വ്യത്യസ്ത നിവേദനങ്ങളെ ഇങ്ങനെയാണ് അല്ലാമ ഇബ്നു ഹജ്റും മറ്റു ചില ഗവേഷകരും വിവരിച്ചിട്ടുള്ളത്. ഇതാണ് ശരിയായിത്തോന്നുന്നതും. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 559)*

ഈ യുദ്ധത്തിൽ ഹദ്റത്ത് ഹിശാം ബിൻ സ്വുബാബ എന്ന സ്വഹാബി ശഹീദായി. ഈ സംഭവത്തെപ്പറ്റി പറയുന്നു: ഒരു സ്വഹാബി മാത്രമാണ് ശഹീദായത്. അതും അബദ്ധവശാൽ ഒരു മുസ്‌ലിമിന്റെ കൈയാലാണ് ശഹീദായത്. അദ്ദേഹത്തിന്റെ പേര് ഹദ്റത്ത് ഹിശാം ബിൻ സ്വുബാബ എന്നായിരുന്നു. അദ്ദേഹത്തെ ഒരു അൻസ്വാരി സ്വഹാബി ഹദ്റത്ത് ഔസ്(റ), മുശ്രിക്കാണെന്ന് തെറ്റുധരിച്ച് അബദ്ധവശാൽ ശഹീദാക്കുകയായിരുന്നു. ഹിശാം, ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തിന്റെ ഗോത്രത്തിൽപെട്ടയാളായിരുന്നു. ഹിശാം ബിൻ സ്വുബാബയുടെ ശഹാദത്ത് സംഭവം ഇപ്രകാരമാകുന്നു:

"ഇദ്ദേഹം ശത്രുക്കളെ തേടി ഇറങ്ങിയതായിരുന്നു. ഇദ്ദേഹം തിരിച്ചുവരുമ്പോൾ ശക്തമായ കാറ്റുവീശുകയും അന്തരീക്ഷം പൊടിപടലംകൊണ്ട് നിറയുകയും ചെയ്തിരുന്നു. ഈ അവസ്ഥയിലാണ് അദ്ദേഹത്തിന്റെ മുന്നിൽ അൻസ്വാരിസ്വഹാബി ഹദ്റത്ത് ഔസ്(റ) എത്തുന്നത്. ഇദ്ദേഹത്തിന് ഹദ്റത്ത് ഔസിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അത് മുശ്രികീങ്ങളിൽപെട്ട ആരോ ആണെന്ന് കരുതുകയും ഹിശാമിനെ ആക്രമിക്കുകയും അദ്ദേഹത്തെ ശഹീദാക്കുകയും ചെയ്തു. ഹിശാമിന്റെ സഹോദരൻ മക്കയിലാണ് വസിച്ചിരുന്നത്. ഇയാളുടെ പേര് മിഖ്യസ് ബിൻ സ്വബാബ എന്നായിരുന്നു. ഇയാൾ മദീനയിലെത്തി ഇസ്‌ലാം സ്വീകരിച്ചു. അബദ്ധവശാൽ കൊല ചെയ്യപ്പെട്ട തന്റെ സഹോദരന്റെ ദിയാധനം ആവശ്യപ്പെട്ടു. തുടർന്ന് നബി(സ) തിരുമേനി ഹിശാമിന്റെ സഹോദരനായ മിഖ്യസ് ബിൻ സ്വബാബയ്ക്ക് ഔസിൽനിന്ന് ദിയാധനം കൊടുക്കാൻ ഏർപ്പാടാക്കുകയും അത് അയാൾ സ്വീകരിക്കുകയും ചെയ്തു. പക്ഷേ, ദിയാധനം സ്വീകരിച്ചെങ്കിലും മിഖ്യസ് ബിൻ സ്വബാബ തന്റെ സഹോദരനെ കൊന്നതുകൊണ്ട് ഔസിനെ വധിക്കുകയും ശേഷം മുർത്തദ്ദായി ഖുറയ്ശികളോടൊപ്പം ചേരുകയുമാണ് ചെയ്തത്. ഇയാൾ ഇത്തരം പദ്ധതിയുമായാണ് വന്നതെന്ന് തോന്നുന്നു. ഈ കലാപപരമായ നീക്കം അതായത് ദിയാധനം വാങ്ങിയശേഷം വധിക്കുന്നത് അറബികളുടെ പൊതു സമ്പ്രദായത്തിനെതിരായിരുന്നു. ഇങ്ങനെ അക്രമപരമായി പ്രതികാരം ചെയ്തതിൽ, നബി(സ) തിരുമേനി അയാളെ വധിക്കാൻ തീരുമാനിച്ചു. അങ്ങനെ ഒരു സ്വഹാബിയായ നുമയ്ല, മക്കാവിജയ ദിവസം മിഖ്യസിനെ വധിക്കുകയുണ്ടായി.*(സീറത്ത് ഇബ്നു ഹിശാം പേജ് 248, പ്രസാധനം ദാറുൽമഅ്രിഫ, ബെയ്റുത്ത് 2000)(കിതാബുൽ മഗാസി ലിൽവാഖ്ദി വാല്യം 1, പേജ് 407 -408, പ്രസാധനം ആലമുൽകുതുബ് ബെയ്റുത്ത് 1984)*

ഈ യുദ്ധത്തിന്നിടയിൽ മലക്കുകൾ മുഖേനയുള്ള സഹായത്തിന്റെ പരാമർശവും കാണുന്നുണ്ട്. ഉമ്മുൽ മുഅ്മിനിൻ ഹദ്റത്ത് ജുവയ്രിയ(റ) നിവേദനം. അവർ പറഞ്ഞു: നബി(സ) തിരുമേനി ഞങ്ങളുടെ അടുക്കൽ വന്നപ്പോൾ ഞങ്ങൾ മുറയ്സീഇലായിരുന്നു. ഞാൻ എന്റെ പിതാവ് ഇങ്ങനെ പറയുന്നതായി കേട്ടു: 'ഇത്രയും വലിയ സൈന്യത്തെ നേരിടാൻ ഞങ്ങൾക്ക് കെല്പുണ്ടായിരുന്നില്ല. അത്രയും ആളുകളേയും ആയുധങ്ങളേയും കുതിരകളേയും ഞാൻ കാണുന്നുണ്ടായിരുന്നു. അത് വിവരണാതീതമാണ്.' ഹദ്റത്ത് ജുവയ്രിയ(റ) പറയുന്നു: ഞാൻ ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി(സ) തിരുമേനി എന്നെ വിവാഹം ചെയ്തു. ഞങ്ങൾ തിരിച്ചെത്തിയപ്പോൾ ഞാൻ മുസ്‌ലിമീങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങി. യുദ്ധാവസരത്തിൽ കണ്ടതിനെക്കാളധികം അംഗബലമൊന്നും എനിക്ക് കാണാൻ കഴിഞ്ഞിരുന്നില്ല. അത് അല്ലാഹുവിന്റെ ഭാഗത്തുനിന്ന് മുശ്രികീങ്ങളുടെ ഹൃദയത്തിലുണ്ടാക്കിയ ഭയമായിരുന്നുവെന്ന് എനിക്ക് ബോധ്യമായി.' പിന്നീട് മുസ്‌ലിമായ ബനൂമുസ്ത്വലിഖിലെ ഒരു വ്യക്തി പറയുന്നു: 'ഞങ്ങൾ ഒരു വെളുത്ത മനുഷ്യൻ കറുത്തതും വെളുത്തതുമായ കുതിരയുടെമേൽ സവാരി ചെയ്യുന്നത് കണ്ടിരുന്നു. ഞങ്ങൾ അദ്ദേഹത്തെ അതിന് മുമ്പോ ശേഷമോ കണ്ടിട്ടില്ല.'*(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 7, പേജ് 164-165, ദാറുസ്സലാം രിയാള്)*

സമരാർജിതസ്വത്തിനെ സംബന്ധിച്ച് പറയുന്നു: 'സമരാർജിത സ്വത്തിനത്തിൽ 2000 ഒട്ടകങ്ങൾ കിട്ടി. 5000 ആടുകളായിരുന്നു. കുടുംബങ്ങൾ സഹിതം ബന്ദികളേയും കിട്ടിയിരുന്നു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 346 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ചില ചരിത്രകാരന്മാർ 700 ബന്ദികളെന്നെഴുതിയിട്ടുണ്ട്.*(സീറത്തുൽഹൽബിയ്യ, വാല്യം 2, പേജ് 379, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

നബി(സ) തിരുമേനി ഹദ്റത്ത് ബുറയ്ദ ബിൻ ഹുസ്വയ്ബിനെ ബന്ദികളുടെ മേൽനോട്ടത്തിന് നിയോഗിച്ചു. അവരുടെ കൈയിലുണ്ടായിരുന്ന സമ്പത്തും ആയുധങ്ങളുമെല്ലാം അദ്ദേഹത്തിന്റെ പക്കൽ ഏൽപ്പിച്ചു. മൃഗങ്ങളെ തെളിച്ചുകൊണ്ടുവരികയും ചെയ്തു. അദ്ദേഹം അവയുടെ മേൽനോട്ടത്തിന് തന്റെ ഭൃത്യനായ ഹദ്റത്ത് ശുഖ്റാനെ നിയമിക്കുകയുണ്ടായി. അഞ്ചിലൊന്ന് സ്വത്തിനും മുസ്‌ലിമീങ്ങളുടെ വിഹിതത്തിനും മേൽനോട്ടം വഹിക്കാൻ ഹദ്റത്ത് മഹ്മിയ ബിൻ ജസ്ഹിനെ നിശ്ചയിക്കുകയുണ്ടായി. അദ്ദേഹം മൊത്തം സമരാർജിത സ്വത്തിൽനിന്നും അഞ്ചിലൊന്ന് മാറ്റിവച്ചു. ഈ അഞ്ചിലൊന്ന് അല്ലാഹുവിന്റെ കൽപ്പന പ്രകാരം സമരാർജിത സ്വത്തിൽനിന്ന് അല്ലാഹുവിന്റേയും അവന്റെ റസൂൽ(സ)ന്റേയും റസൂലിന്റെ അടുത്ത ബന്ധുക്കളുടേയും ഇസ്‌ലാമിന്റെ പൊതു ആവശ്യത്തിനും വേണ്ടി മാറ്റിവെക്കുന്നതാണ്. ബന്ദികളേയും സാധനങ്ങളേയും ആടുമാടുകളേയും മറ്റു മൃഗങ്ങളേയും ആളുകൾക്ക് *(മുസ്‌ലിമീങ്ങൾക്ക്)* വീതിച്ചു നൽകുകയും ചെയ്തു. *(കിതാബുൽമഗാസി വാഖ്ദി, വാല്യം 1, പേജ് 410, പ്രസാധനം ആലമുൽകുതുബ് ബെയ്റുത്ത് 1984)(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 88)*

നേരത്തെ പറഞ്ഞതുപോലെ ഹദ്റത്ത ജുവയ്രിയ(റ), നബി(സ) തിരുമേനിയുടെ ഭാര്യാപദത്തിൽ വന്നതിനെപറ്റിയും രേഖപ്പെടുത്തിയിട്ടുണ്ട്.

"ബനൂമുസ്ത്വലിഖ് ഗോത്രത്തിൽനിന്ന് ബന്ദിയാക്കപ്പെട്ടവരിൽ ഈ ഗോത്രത്തലവനായ ഹാരിഥ് ബിൻ അബീ ളിറാറിന്റെ മകൾ ബർറയുമുണ്ടായിരുന്നു. ഇവരുടെ പേര് നബി(സ) തിരുമേനി, ജുവയ്രിയ എന്ന് മാറ്റി. ഇവർ ആദ്യം മുസാഫിഅ് ബിൻ സ്വഫ്‌വാന്റെ ഭാര്യയായിരുന്നു. ഇയാൾ മുറയ്സീഅ് യുദ്ധത്തിൽ കൊല്ലപ്പെട്ടു. ബന്ദികളെ നബി(സ) തിരുമേനി ആവശ്യാനുസരണം മുസ്‌ലിം ഭടന്മാർക്ക് വീതിച്ചുകൊടുത്തു. ഈ വിതരണമനുസരിച്ച് ബർറ ബിൻത് ഹാരിഥ് ഒരു അൻസ്വാരി സഹാബിയായ ഥാബിത്ത് ബിൻ ഖയ്സിന്റെ ചുമതലയിലാണ് വന്നത്. ബർറ സ്വതന്ത്രയാകുന്നതിനുവേണ്ടി ഥാബിത് ബിൻ ഖയ്സുമായി സ്വാതന്ത്ര്യവ്യവസ്ഥയനുസരിച്ച് ഉടമ്പടി ചെയ്തു. അടിമയായ പുരുഷനോ സ്ത്രീയോ തന്റെ ഉടമയ്ക്ക് നിശ്ചിത തുക നൽകി സ്വാതന്ത്ര്യം നേടുക എന്നതിനാണ് മക്കാത്തീബ് അഥവാ സ്വാതന്ത്ര്യവ്യവസ്ഥ എന്ന് പറയുന്നത്. ഏതായാലും അവർ ഈ ഉടമ്പടി ചെയ്തു. അവരുടെ മോചനദ്രവ്യതുക 9 ഔഖിയ സ്വർണമായിരുന്നു. അത് 360 ദിർഹമായിരുന്നു. ഇത് മോചനദ്രവ്യമായി അടച്ചാൽ സ്വതന്ത്രയാക്കപ്പെടുന്നതാണ്. അവർ ഈ ഉടമ്പടിക്കുശേഷം നബി(സ)


**• ഹദീഥുന്നബ്‌വി(സ) •**

'നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളു ചെയ്യുമ്പോഴും വലത്തുഭാഗം മുതൽ ആരംഭിക്കുക.'
(മിശ്ക്കാത്ത് 3:4)

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വി(സ) •**

യാത്ര ചെയ്യുന്ന ഒരാൾക്ക് മൂന്നു പകലും രാത്രിയും യാത്രയിലല്ലാത്ത ഒരാൾക്ക് ഒരുപകലും രാത്രിയും അവൻ ശുദ്ധമായിരുന്നപ്പോൾ ഇട്ടതാണെങ്കിൽ അവന്റെ ബൂട്ട്സു തടകുവാൻ (കാലു കഴുകുന്നതിനു പകരം) അവിടന്ന് അനുവദിച്ചു. (മിശ്ക്കാത്ത് 3:9)

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

തിരുമേനിയുടെ സവിധത്തിലെത്തി എല്ലാ കാര്യങ്ങളും വിവരിച്ചു. താൻ ബനൂ മുസ്ത്വലിഖിന്റെ നേതാവിന്റെ മകളാണെന്ന് അറിയിച്ചുകൊണ്ട് മോചനദ്രവ്യ തുകയ്ക്ക് നബി(സ)തിരുമേനിയുടെ സഹായം തേടി. അവരുടെ കഥയിൽ നബി(സ)തിരുമേനി വളരെ ആകൃഷ്ടനായി. അവർ ഒരു സുപ്രസിദ്ധ ഗോത്രത്തിന്റെ നേതാവിന്റെ മകളായതുകൊണ്ട് അവരെ സ്വതന്ത്രയാക്കി വിവാഹം കഴിക്കുകയാണെങ്കിൽ ഈ ഗോത്രത്തിൽ തബ്ലീഗ് എളുപ്പത്തിൽ നടക്കുമെന്ന് കരുതി. അങ്ങനെ നബി(സ) തിരുമേനി താൻതന്നെ അവർക്ക് വിവാഹാലോചന സന്ദേശമയച്ചു. അവർ സമ്മതം അറിയിച്ചപ്പോൾ നബി(സ)തിരുമേനി അവരുടെ മോചനദ്രവ്യം നൽകി അവരെ വിവാഹം കഴിക്കുകയുണ്ടായി. സ്വഹാബാക്കൾ തങ്ങളുടെ യജമാനർ ബനൂമുസ്ത്വലിഖിന്റെ നേതാവിന്റെ മകൾക്ക് ഭാര്യാപദം നൽകിയതിനാൽ ഇനി ആ മഹാത്മാവിന്റെ ഭാര്യാകുടുംബത്തെ തങ്ങളുടെ പക്കൽ ബന്ദിയാക്കിവെക്കുന്നത് നബി(സ)തിരുമേനിയുടെ അഭിമാനത്തിന് കോട്ടമുണ്ടാക്കുമെന്ന് കരുതി. അങ്ങനെ നൂറ് കുടുംബങ്ങളെ അതായത് ആയിരക്കണക്കിന് ബന്ദികളെ മോചനദ്രവ്യം കൂടാതെ ഒന്നിച്ച് സ്വതന്ത്രരാക്കി. ഇക്കാരണത്താൽ ഹദ്റത്ത ആഇശ(റ) ഇങ്ങനെ പറയുമായിരുന്നു: 'ജുവയ്രിയ തന്റെ ജനതയ്ക്ക് വളരെ അനുഗൃഹീതയായി മാറി. ഈ ബന്ധവും ഔദാര്യവും കാരണം ബനൂ മുസത്ഥ്ലിഖിലെ ആളുകൾ വളരെ വേഗം ഇസ്‌ലാമികാധ്യാപനത്തിൽ ആകൃഷ്ടരായി നബി(സ)തിരുമേനിയുടെ സംഘത്തിൽ പ്രവേശിച്ചു."*(സീറത്ത് ഖാത്ത മുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 570-571)*

ഒരു നിവേദനം ഇങ്ങനേയുമുണ്ട്. ഹദ്റത്ത് ജുവയ്രിയായുടെ പിതാവ് ഹദ്റത്ത് ഹാരിഥ് തന്റെ മകളുടെ മോചനദ്രവ്യവുമായി നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. മോചനദ്രവ്യം നൽകി ഹദ്റത്ത് ജുവയ്രിയയെ സ്വതന്ത്രയാക്കിയ ശേഷം സ്വയം മുസ്‌ലിമായി. പിന്നീട് അവരെ നബി(സ)തിരുമേനി വിവാഹം കഴിച്ചു.

സീറത്ത് ഇബ്നു ഹിശാമിലുണ്ട്: നബി(സ)തിരുമേനി ബനൂമുസ്ത്വലിഖ് ഗസ്‌വയിൽനിന്ന് മദീനയിൽ തിരിച്ചെത്തിയപ്പോൾ ഹദ്റത്ത് ജുവയ്രിയയുടെ പിതാവ് ഹാരിഥ് ബിൻ ളിറാർ തന്റെ മകളുടെ മോചനദ്രവ്യം നൽകാൻ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അഖീഖ് താഴ്‌വരയിലെത്തിയപ്പോൾ മകളുടെ മോചനദ്രവ്യവുമായി കൊണ്ടുവരുന്ന ഒട്ടകങ്ങളിൽ രണ്ടെണ്ണത്തെ അയാൾക്ക് വളരെയേറെ ഇഷ്ടമായി. അയാൾ അവയെ അഖീഖ് താഴ്‌വരയിലെ ഒരിടത്ത് ഒളിപ്പിച്ചു. തുടർന്ന് നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അയാൾ പറഞ്ഞു: 'മുഹമ്മദേ(സ)! താങ്കൾ എന്റെ മകളെ ബന്ധനസ്ഥയാക്കിയിരിക്കുന്നു. ഇത് അവളുടെ മോചനദ്രവ്യമാണ്. നബി(സ)തിരുമേനി ചോദിച്ചു. നിങ്ങൾ അഖീഖ് താഴ്‌വരയിൽ ഇന്നയിന്ന ഭാഗങ്ങളിൽ ഒളിപ്പിച്ചുവെച്ച രണ്ട് ഒട്ടകങ്ങളെവിടെ? അയാൾ അത് കേട്ടപ്പോൾ ആകർഷിതനായി പറഞ്ഞു: 'അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും അങ്ങ് അല്ലാഹുവിന്റെ റസൂലാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.' തുടർന്ന് പറഞ്ഞു. അല്ലാഹുവാണെ സത്യം, അല്ലാഹു തന്നെയാണ് അങ്ങയ്ക്ക് അതേപറ്റി അറിവ് നൽകിയത്. കാരണം ആ സമയത്ത് ഹാരിഥിന്റെ ഒട്ടകങ്ങളല്ലാതെ മറ്റാരും അവിടെ ഉണ്ടായിരുന്നില്ല. തുടർന്ന് ഹാരിഥ് ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ രണ്ടുമക്കളും ഗോത്രത്തിലെ ഏതാനും ആളുകളുംകൂടി ഇസ്‌ലാം സ്വീകരിച്ചു. *(അസ്സീറത്തുന്നബ് വിയ്യ, ലിഇബ്നി ഹിശാം പേജ് 673-674 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

മറ്റൊരു നിവേദനത്തിൽ പറയുന്നു. ഹദ്റത്ത് ജുവൈരിയയുടെ സഹോദരൻ അബ്ദുല്ലാഹ് ബിൻ ഹാരിഥ് തന്റെ ഗോത്രമായ ബനൂ മുസ്ത്വലിഖിലെ ബന്ദികളുടെ മോചനദ്രവ്യവുമായി വരുമ്പോൾ അയാൾ രണ്ട് ഒട്ടകങ്ങളേയും ഒരു എത്യോപ്യൻ അടിമയേയും വഴിയിൽ ഒളിപ്പിച്ചുവെച്ചിരുന്നു. ശേഷം അബ്ദുല്ലാഹ് നബി(സ)തിരുമേനിയുടെ അടുക്കലെത്തി മോചനദ്രവ്യത്തെ സംബന്ധിച്ച് സംസാരിച്ചു. നബി(സ) തിരുമേനി പറഞ്ഞു: ശരി. പക്ഷേ, നിങ്ങൾ മോചനദ്രവ്യമായി എന്താണ് കൊണ്ടുവന്നിട്ടുള്ളത്? അയാൾ പറഞ്ഞു. ഞാൻ ഒന്നും കൊണ്ടുവന്നിട്ടില്ല. നബി(സ)തിരുമേനി പറഞ്ഞു നിങ്ങൾ ഇന്നയിന്ന സ്ഥലങ്ങളിൽ ഒളിപ്പിച്ച ഒട്ടകവും നീഗ്രോ അടിമയും എവിടെ? ഇതുകേട്ടതും അബ്ദുല്ലാഹ് പറഞ്ഞു. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും, മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. തുടർന്ന് പറഞ്ഞു. ഞാൻ മോചനദ്രവ്യം ഒളിപ്പിച്ചുവെക്കുമ്പോൾ എന്റെ കൂടെ മറ്റാരുമുണ്ടായിരുന്നില്ല. ഞാൻ അത് ഒളിപ്പിച്ചശേഷം എനിക്ക് മുമ്പേ മറ്റാരും താങ്കളുടെ അടുക്കൽ വന്നിട്ടുമില്ല. ഏതായാലും അതിനുശേഷം അയാൾ മുസ്‌ലിമായി. *(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ് വാല്യം 3, പേജ് 20 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇതുസംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നിബിയ്യീനിൽ എഴുതുന്നു:

"ഹദ്റത്ത് ജുവയ്രിയുടെ വിവാഹത്തെ സംബന്ധിച്ച് ഒരു നിവേദനത്തിൽ പറയുന്നു. അവരുടെ പിതാവ് അവരെ മോചിപ്പിക്കാൻ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തിയപ്പോൾ തിരുനബിയുടെ സഹവാസം കാരണം മുസ്‌ലിമായി. തുടർന്ന് നബി(സ)തിരുമേനിയുടെ വിവാഹാഭ്യർഥന കിട്ടിയപ്പോൾ അദ്ദേഹം പൂർണ സന്തോഷത്തോടെ നബി(സ)തിരുമേനിയുമായി തന്റെ മകളുടെ വിവാഹം നടത്തികൊടുക്കുകയും ചെയ്തു."*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ. പേജ് 571)*

ഹദ്റത്ത് ജുവയ്രിയ(റ) വിവരിക്കുന്നു: നബി(സ)തിരുമേനി വരുന്നതിന് മൂന്നുദിവസം മുമ്പേ ഞാൻ ഒരു സ്വപ്നം കണ്ടു. അതായത് ബനൂമുസ്ത്വലിഖിന്റെ ഭാഗത്തുനിന്ന് അവരവിടെ എത്തിയ സമയത്ത് പറയുന്നു, ചന്ദ്രൻ യഥ്രിബിൽനിന്ന് പുറപ്പെട്ട് എന്റെ മടിയിൽ വന്ന് വീഴുന്നതായി ഞാൻ സ്വപ്നം കണ്ടു. എന്റെ സ്വപ്നം ആരോടെങ്കിലും പറയാൻ ഞാനിഷ്ടപ്പെട്ടില്ല. അങ്ങനെ നബി(സ)തിരുമേനി വരികയുണ്ടായി. ഞാൻ ബന്ദിയാക്കപ്പെട്ടപ്പോൾ പ്രസ്തുത സ്വപ്നം പൂർത്തിയാകുമെന്ന് എനിക്ക് പ്രതീക്ഷയുണ്ടായി. അങ്ങനെ നബി(സ)തിരുമേനി എന്നെ സ്വതന്ത്രയാക്കുകയും എന്നെ വിവാഹം കഴിക്കുകയും ചെയ്തു. ആ സമയത്ത് അല്ലാഹുവാണെ സത്യം, ഞാൻ നബി(സ)തിരുമേനിയോട് എന്റെ ഗോത്രത്തിനുവേണ്ടി സംസാരിക്കുകയോ അവരുടെ മോചനത്തിനുവേണ്ടി ശിപാർശ ചെയ്യുകയോ ചെയ്തിരുന്നില്ല. മുസ്‌ലിമീങ്ങൾ സ്വയമേവ അവരെ മോചിപ്പിക്കുകയാണുണ്ടായത്. എനിക്ക് അതേപറ്റി അറിയില്ലായിരുന്നു. എന്റെ പിതൃസഹോദരിയുടെ മകളാണ് എന്നോട് അതിനെപ്പറ്റി പറഞ്ഞത്. ഞാൻ അല്ലാഹുവിനെ സ്തുതിച്ചു. അവരെന്നോട് അതേപറ്റി പറഞ്ഞപ്പോൾ ഞാൻ അല്ലാഹുവിനെ സ്തുതിച്ചു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 347 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

ഇബ്നു ഹിശാം എഴുതിയിരിക്കുന്നു: നബി(സ)തിരുമേനി ജുവയ്രിയയുടെ മഹർ 400 ദിർഹമാണ് നിശ്ചയിച്ചത്.*(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 674, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഏതായാലും നബി(സ)തിരുമേനി ഈ യുദ്ധത്തിൽനിന്ന് വിജയശ്രീലാളിതനായി മദീനയിൽ തിരിച്ചെത്തി. മൊത്തം 28 ദിവസം നബി(സ)തിരുമേനി മദീനക്ക് പുറത്തായിരുന്നു.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 354 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

ബനൂമുസ്ത്വലിഖ് ഗസ്‌വയിൽ നിന്ന് തിരിച്ചെത്തിയപ്പോൾ മുനാഫിഖീങ്ങളുടെ നേതാവ് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ പ്രത്യക്ഷത്തിൽ പ്രകടിപ്പിച്ച കാപട്യവും കലാപവും ചരിത്രത്തിൽ കാണാൻ കഴിയുന്നുണ്ട്. അതിന്റെ വിശദീരണം ചരിത്രത്തിൽ ലഭിക്കുന്നത് ഇപ്രകാരമാകുന്നു:

"ബനൂ മുസത്വലിഖുമായുള്ള യുദ്ധം അവസാനിച്ചു. മുസ്‌ലിമീങ്ങൾ മുറയ്സീയിലുള്ള കിണറിനടുത്ത് തന്നെ ഉണ്ടായിരുന്നു. ആ കിണറിൽ വെള്ളം കുറവായിരുന്നു. ബക്കറ്റിട്ട് വെള്ളംകോരുമ്പോൾ പകുതിമാത്രമേ നിറഞ്ഞിരുന്നുള്ളൂ. ബനൂ ഖസ്റജിന്റെ സുഹൃത്തായ സിനാൻ ബിൻ വബർ ജുഹ്നീ കിണറിന്നടുത്തുവന്നു. ആ സമയത്ത് വെള്ളത്തിനടുത്ത് മുഹാജിരിങ്ങളുടെയും അൻസ്വാറിന്റേയും ഒരു സ്ഥലമുണ്ടായിരുന്നു. സിനാൻ ബിൻ വബർ ജുഹ്നീ വെള്ളംകോരാൻ തന്റെ ബക്കറ്റ് കിണറിലിട്ടു. ഉമർ ബിൻ ഖത്വാബിന്റെ ഭൃത്യൻ ജഹ്ജാഹ് ബിൻ മസ്ഊദ് ഗിഫ്ഫാരിയും തന്റെ ബക്കറ്റിട്ടു. സിനാനിന്റേയും ജഹ്ജാഹിന്റേയും ബക്കറ്റുകൾ കൂട്ടിമുട്ടിയപ്പോൾ അവരിരുവരും തമ്മിൽ വഴക്കായി. വെള്ളം കുറവായതുകൊണ്ട് ആർക്കും മുഴുവൻ വെള്ളവും കിട്ടിയില്ല. ജഹ്ജാഹ്, സിനാനെ മർദ്ദിച്ചു. അയാളുടെ ചോര ഒലിക്കാൻ തുടങ്ങി. അയാൾ സഹായത്തിനുവേണ്ടി അൻസ്വാറിനെ വിളിച്ചു. ജഹ്ജാഹ് മുഹാജിറുകളേയും വിളിച്ചു. ഒരു നിവേദനത്തിൽ ഖുറയ്ശികളേ

എന്ന് വിളിച്ചുവെന്നും പറയുന്നുണ്ട്. തുടർന്ന് ഇരുവിഭാഗത്തിലേയും ഒരു സംഘം അവിടെയെത്തി ആയുധമെടുത്തു. അതൊരു വലിയ കലാപത്തിലേക്ക് നീങ്ങുകയായിരുന്നു. പക്ഷേ, നബി(സ)തിരുമേനിക്ക് അറിയിപ്പു കിട്ടിയതും അവിടന്ന് ഈ പ്രശ്നം അവസാനിപ്പിച്ചു. എന്തായാലും ഇതിന്റെ വിശദീകരണത്തിന്റെ ചില നിവേദനങ്ങളുണ്ട്. സ്വഹീഹ് ബുഖാരിയുടെ ഒരു നിവേദനമനുസരിച്ച് വഴക്കിനുള്ള കാരണം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു: മുഹാജിരീങ്ങളിൽപെട്ട ഒരാൾ അൻസ്വാറിലെ ഒരു വ്യക്തിയുടെ പുറത്ത് കാലുകൊണ്ട് തൊഴിച്ചു. അപ്പോൾ ആ അൻസ്വാരി, അൻസ്വാറിനെ സഹായത്തിനു വരുവിൻ എന്ന് വിളിച്ചുപറഞ്ഞു. ആ മുഹാജിറാകട്ടെ, മുഹാജിരീംകളെ സഹായിക്കാൻ വരുവിൻ എന്നും വിളിച്ചുപറഞ്ഞു. ഇരുകൂട്ടരുടേയും ഇടയിൽ തർക്കത്തിന് കാരണം വെള്ളംകോരുന്ന ഒരു തൊട്ടിയായിരുന്നു. അതിൽനിന്ന് അൻസ്വാറിന്റെ ഒട്ടകം വെള്ളം കുടിച്ചിരുന്നു. നബി(സ)തിരുമേനി അവിടെ വരികയുണ്ടായി. നബി(സ)തിരുമേനി ചോദിച്ചു: നിങ്ങളെന്ത് വിവരക്കേടാണ് പറയുന്നത്. ഇതൊക്കെ ജാഹിലീങ്ങളുടെ വർത്തമാനമാകുന്നു. നബി(സ)തിരുമേനിയുടെ മുമ്പിൽ കാര്യങ്ങളെല്ലാം വിശദീകരിക്കപ്പെട്ടു. നബി(സ)തിരുമേനി പറഞ്ഞു: "സാഹോദര്യത്തിന് ഭംഗമുണ്ടാക്കുന്ന കാര്യങ്ങളെല്ലാം നിങ്ങൾ ഉപേക്ഷിക്കുവിൻ. ഓരോരുത്തരും തന്റെ സഹോദരനെ സഹായിക്കേണ്ടതാണ്. അയാൾ മർദ്ദിതനായാലും മർദ്ദകനായാലും ശരി. അയാൾ മർദ്ദകനാണെങ്കിൽ അയാളെ തടയുക. മർദ്ദിതനാണെങ്കിൽ അയാളെ സഹായിക്കുക.

മുഹാജിരീങ്ങളുടെ ഒരു സംഘം ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തുമായി സംസാരിച്ചു. അൻസ്വാറിലെ ഒരു സംഘം സിനാനുമായി സംസാരിച്ചപ്പോൾ സിനാൻ തന്റെ അവകാശം വിട്ടുകൊടുത്തു. നബി(സ)തിരുമേനിയുടെ എല്ലാ കാര്യങ്ങളും അവരിലെത്തിച്ചു. അബ്ദുല്ലാഹ് ബിൻ ഉബയ്യ് തന്റെ കപടവിശ്വാസികളായ പത്ത് സുഹൃത്തുക്കളോടൊപ്പം ഇരിക്കുകയായിരുന്നു. അവിടെ സയ്ദ് ബിൻ അർഖമും(റ) ഉണ്ടായിരുന്നു. പക്ഷേ, അദ്ദേഹം ചെറുപ്രായമായിരുന്നു. ചില നിവേദനങ്ങൾ പ്രകാരം അദ്ദേഹം പക്വമതി ആയിട്ടുണ്ടായിരുന്നില്ല. ചില നിവേദനങ്ങളിൽ പക്വമതിയാണെന്നും കാണുന്നുണ്ട്. ജഹ്ജാഹിന്റെ ഖുറയ്ശികളേ എന്ന വിളി കേട്ടപ്പോൾ അബ്ദുല്ലാഹ് ബിൻ ഉബയ്യിന് ദ്വേഷം വന്നു. അയാൾ പറഞ്ഞു: ഞാൻ ഇന്നത്തെപോലുള്ള ദിവസം ഒരിക്കലും കണ്ടിട്ടില്ല. അയാൾ പറഞ്ഞു: നബി(സ) തിരുമേനി മദീനയിലെത്തിയ സമയം മുതൽതന്നെ എനിക്ക് ഈ മതത്തോടു വെറുപ്പായിരുന്നു. പക്ഷേ, എന്റെ ജനത എന്നെ അതിജയിച്ചു. വളരെ മോശമായ ഒരു ഉപമ പറഞ്ഞുകൊണ്ട് അയാൾ പറഞ്ഞു: ഈ ഖുറയ്ശികൾ നായയെ നല്ലവണ്ണം തീറ്റിപോറ്റിയാൽ ഒരു നാൾ അത് നിങ്ങളേയും തിന്നും എന്ന് പറഞ്ഞതുപോലെയാണ്! ഇന്ന് ജഹ്ജാഹ് ഉയർത്തിയതുപോലുള്ള വിളി (ആഹ്വാനം) ഉയരുന്നതിനു മുമ്പേ മരിച്ചിരുന്നെങ്കിൽ എന്നാശിച്ചിരുന്നു. ഞാൻ ഇവിടെയുണ്ട് എനിക്കിതൊന്നും സഹിക്കാൻ കഴിയില്ല. ദൈവമാണെ സത്യം! ഞാൻ മദീനയിലെത്തിയാൽ വന്ദ്യനിൽ വന്ദ്യനായ ആൾ, നിന്ദ്യനിൽ നിന്ദ്യനായ വ്യക്തിയെ അവിടെനിന്ന് പുറത്താക്കുന്നതായിരിക്കും. തുടർന്ന് അയാൾ തന്റെ ഗോത്രത്തിലെ ആളുകളിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: നിങ്ങൾ നിങ്ങളുടെ ആത്മാക്കൾക്കുമേൽ അക്രമം ചെയ്തിരിക്കുകയാണ്. നിങ്ങളവരെ നിങ്ങളുടെ നാട്ടിൽ താമസിപ്പിച്ചു. അവർ അവിടെത്തന്നെ തങ്ങി. നിങ്ങളുടെ സ്വത്തിൽ അവർക്ക് ദാനം നൽകി. അങ്ങനെ അവർ പണക്കാരായി. ദൈവമാണെ സത്യം! ഇപ്പോഴും നിങ്ങൾ നിങ്ങളുടെ കൈകളെ നിയന്ത്രിച്ചാൽ അവർ നിങ്ങളുടെ നാട് ഉപേക്ഷിച്ച് മറ്റെവിടെയെങ്കിലും പോകുന്നതായിരിക്കും. നിങ്ങൾ അവർക്കുവേണ്ടി ചെയ്തതിലൊന്നുംതന്നെ അവർ തൃപ്തരായില്ല.' അയാൾ അവരെ പരമാവധി ഇളക്കിവിടാൻ ശ്രമിക്കുകയാണ്. 'നിങ്ങൾ ചെയ്ത ഔദാര്യങ്ങളിലൊന്നും മുഹാജിരീങ്ങൾ തൃപ്തരായില്ല. എത്രത്തോളമെന്നാൽ നിങ്ങളുടെ ജീവനെ നിങ്ങൾ മരണത്തിന് കുറിമാനമാക്കി. നിങ്ങൾ അദ്ദേഹത്തിന് അതായത് മുഹമ്മദിനു(സ) വേണ്ടി വധിക്കപ്പെട്ടു. നിങ്ങളുടെ മക്കളെ അനാഥരാക്കി. അങ്ങനെ നിങ്ങൾ ന്യൂനപക്ഷമായി. അവർ ഭൂരിപക്ഷമായി. മദീനയിലെത്തിയാൽ വന്ദ്യനിൽ വന്ദ്യനായ ആൾ, നിന്ദ്യനിൽ നിന്ദ്യനായ വ്യക്തിയെ അവിടെനിന്ന് പുറത്താക്കുന്നതായിരിക്കുമെന്ന് അബ്ദുല്ലാഹ് ബിൻ ഉബയ്യ് പറഞ്ഞത് കേട്ടപ്പോൾ ഹദ്റത്ത് സയ്ദ് ബിൻ അർഖം(റ) അവിടെനിന്നുകൊണ്ട് അപ്പോൾത്തന്നെ അയാളോടു പറഞ്ഞു: 'അല്ലാഹുവാണെ സത്യം! നീ തന്നെയാണ് സമൂഹത്തിൽ ഏറ്റവും നിന്ദ്യൻ. നീ നിന്ദ്യനാകുന്നു. മുഹമ്മദ്(സ)റഹ്മാനായ അല്ലാഹുവിൽ നിന്നുള്ള വിജയവും അന്തസ്സുമുള്ള ആളും മുസ്‌ലിമീങ്ങളുടെ ശക്തിയുള്ള നേതാവുമാകുന്നു.' അദ്ദേഹം അങ്ങനെ തന്റെ ആത്മരോഷം പ്രകടിപ്പിച്ചു.

അപ്പോൾ ഇബ്നു ഉബയ്യ് പറഞ്ഞു: 'നീ മിണ്ടാതിരിക്കൂ, ഞാൻ ഇതെല്ലാം തമാശയായി പറഞ്ഞതാണ്. അയാൾക്ക് ഭയംതോന്നി. പേടിച്ചുപോയി. സയ്ദ് ബിൻ അർഖം(റ) ഈ എല്ലാ കാര്യങ്ങളും കേട്ടശേഷം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. അപ്പോൾ നബി(സ)തിരുമേനിയുടെ കൂടെ മുഹാജിരീങ്ങളുടെയും അൻസ്വാറിന്റേയും ഒരു സംഘമുണ്ടായിരുന്നു. നബി(സ)തിരുമേനിയെ ഇബ്നു ഉബയ്യ് പറഞ്ഞ കാര്യങ്ങളെല്ലാം സയ്ദ് കേൾപ്പിച്ചു. ബുഖാരിയുടെ ഒരു നിവേദനത്തിൽ ഇങ്ങനെയുണ്ട്: സയ്ദ് ബിൻ അർഖം(റ) എല്ലാ കാര്യങ്ങളും തന്റെ പിതൃവ്യനോടാണ് പറഞ്ഞത്. അദ്ദേഹമാണ് സയ്ദ് പറഞ്ഞ കാര്യം നബിതിരുമേനിയോട് പറഞ്ഞത്. ഏതായാലും നബി(സ)തിരുമേനി അപ്പോൾത്തന്നെ സയ്ദിനെ വിളിപ്പിച്ചു. നബി(സ)തിരുമേനിക്ക് സയ്ദ് പറഞ്ഞത് ഇഷ്ടമായില്ല, അവിടത്തെ മുഖകമലം വിളറി. നബി(സ)തിരുമേനി ചോദിച്ചു: 'മകനേ, നിനക്ക് ഇബ്നു ഉബയ്യിനോട് വല്ല വിരോധവുമുണ്ടോ?' സയ്ദ് പറഞ്ഞു: 'യാ റസൂലല്ലാഹ്! ഇല്ല. അല്ലാഹുവാണെ സത്യം! ഈ കാര്യങ്ങൾ അയാളിൽനിന്ന് ഞാൻ കേട്ടതാണ്.' നബി(സ)തിരുമേനി പറഞ്ഞു: "നീ കേട്ടത് ഒരുപക്ഷേ തെറ്റായിരിക്കും." സയ്ദ് പറഞ്ഞു: 'യാ റസൂലല്ലാഹ്! 'അങ്ങനെയല്ല.' നബി(സ)തിരുമേനി പറഞ്ഞു: "നീ കാര്യങ്ങൾ തെറ്റിദ്ധരിച്ചതാണ്." സയ്ദ് പറഞ്ഞു: 'യാ റസൂലല്ലാഹ്, അല്ലാഹുവാണെ സത്യം! അങ്ങനെയല്ല.' സൈന്യത്തിൽ ഇബ്നു ഉബയ്യിന്റെ സംസാരം പരന്നുതുടങ്ങി. ഞങ്ങളുടെ സംസാരവിഷയംതന്നെ ഇതായിരുന്നു. അൻസ്വാർ സയ്ദിനെ ഗുണദോഷിക്കാനും ഭീഷണിപ്പെടുത്താനും തുടങ്ങി. അവർ പറഞ്ഞു: 'നീ ഗോത്രമൂപ്പന്നെതിരിൽത്തന്നെ ആരോപണം ഉന്നയിക്കുകയാണ്. അയാൾ പറയാത്ത കാര്യങ്ങൾ അയാളിൽ ആരോപിക്കുകയാണ്.' അദ്ദേഹത്തോട് നീരസം പ്രകടിപ്പിച്ചുകൊണ്ട് പിതൃവ്യനും പറഞ്ഞു: 'നിനക്കിതെന്തുപറ്റി? നബി(സ)തിരുമേനി നിന്നെ വ്യാജനെന്ന് വിധിക്കുകയും നിന്നോട് അനിഷ്ടം പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു.' സയ്ദ് പറഞ്ഞു: 'അല്ലാഹുവാണെ സത്യം! അയാൾ പറഞ്ഞത് ഞാൻ കേട്ടതാണ്. അല്ലാഹുവാണെ സത്യം എനിക്ക് ഖസ്റജിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യിനേക്കാളും പ്രിയപ്പെട്ട മറ്റാരുമില്ലായിരുന്നു. ഇക്കാര്യങ്ങൾ എന്റെ പിതാവുതന്നെ പറഞ്ഞാലും അത് ഞാൻ നബി(സ)തിരുമേനിയോടു പറയുന്നതാണ്. എനിക്ക് ഒരു പ്രശ്നവുമില്ല.' അദ്ദേഹത്തിനത് ഉറച്ച വിശ്വാസമായിരുന്നു. പറയുന്നു: 'എന്റെ പിതാവ് ഇത്തരം കാര്യങ്ങൾ പറഞ്ഞാൽ അത് ഞാൻ തീർച്ചയായും നബി(സ)തിരുമേനിയോടു പറയുന്നതാണ്. അല്ലാഹു തന്റെ നബിക്ക് വഹ്‌യ് നൽകുമെന്നും എന്നെ അത് സാക്ഷ്യപ്പെടുത്തുമെന്നും ഞാൻ കരുതുന്നു.' എന്തായാലും ഈ സ്ഥിതിവിശേഷത്തിൽ സയ്ദ്(റ) വളരെ


• ഹദീഥുന്നബ്‌വി(സ) •

'പ്രായപൂർത്തിയായ ഓരോരുത്തരും വെള്ളിയാഴ്ച കുളിക്കേണ്ടത് നിർബന്ധമാകുന്നു. അവൻ ദന്തധാവിനി ഉപയോഗിക്കേണ്ടതും കഴിയുമെങ്കിൽ സുഗന്ധദ്രവ്യം ഉപയോഗിക്കേണ്ടതുമാകുന്നു.'(ബു. 11:3)

ത്വാലിബെ ദുആ

C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി(സ) •

"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.' (ബു. 2:23)

ത്വാലിബെ ദുആ

LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ഖിന്നനായി. പറയുന്നു: 'ഇതുപോലുള്ള സങ്കടം മറ്റൊരിക്കലും എനിക്കുണ്ടായിട്ടില്ല. ഞാൻ എന്റെ വീട്ടിൽത്തന്നെ കഴിച്ചുകൂട്ടി.' ഇവിടെ വീടുകൊണ്ടുദ്ദേശിക്കുന്നത് പുറത്ത് താവളമടിച്ച സ്ഥലത്തുള്ള ടെന്റാണ്. മദീനയിലുള്ള വീടല്ല. കാരണം ഈ സംഭവം മുഴുവനും മദീനക്ക് പുറത്താണ് നടക്കുന്നത്. സയ്ദ് ജനങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അവരുടെ മുന്നിൽത്തന്നെ വരാതായി. അദ്ദേഹത്തെ കാണുമ്പോൾ ആളുകൾ നീ കളവ് പറയുന്നവനെന്ന് പറയുമോ? എന്ന് ഭയപ്പെട്ടു. മറുഭാഗത്ത് അവിടെ സദസ്സിലുണ്ടായിരുന്ന ചില അൻസ്വാർ, നബി(സ) തിരുമേനിയുടെ നിർദ്ദേശവും സയ്ദിന് കൊടുത്ത മറുപടിയും കേട്ടപ്പോൾ അവിടെനിന്നെഴുന്നേറ്റ് അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ അടുക്കലെത്തി അയാളെ വിവരം അറിയിച്ചു. ഔസ് ബിൻ ഖൗലി പറഞ്ഞു: 'ഏ അബൂഹുബാബേ! (അതായിരുന്നു അയാളുടെ വിളിപ്പേര്) നീ ഈ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിൽ നബി(സ) തിരുമേനിയോടു പോയി പറയുക. നബി(സ) തിരുമേനി നിനക്കുവേണ്ടി പൊറുക്കലിന് തേടുന്നതാണ്. നീ അത് നിഷേധിക്കേണ്ടതില്ല. വല്ല വഹ്‌യും ഇറങ്ങിയാൽ അത് നിന്നെ വ്യാജനാക്കുന്നതായിരിക്കും. ഇനി നീ ഇക്കാര്യങ്ങൾ പറഞ്ഞിട്ടില്ലെങ്കിൽ നീ നബി(സ) തിരുമേനിയുടെ സവിധത്തിലെത്തി നിന്റെ നിരപരാധിത്വം പറയുക. അങ്ങനെ പറഞ്ഞിട്ടില്ലെന്ന് ആണയിട്ടുകൊണ്ട് പറയുക.' തുടർന്ന് ഇബ്നു ഉബയ്യ് നബി(സ) തിരുമേനിയുടെ അടുക്കലെത്തി. നബി(സ) തിരുമേനി അയാളോട് പറഞ്ഞു: "ഇബ്നു ഉബയ്യേ! നീ ഈ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിൽ പശ്ചാത്തപിക്കുക." അപ്പോൾ അയാൾ സയ്ദ് കെട്ടിപ്പറഞ്ഞതാണെന്നും താൻ പറഞ്ഞിട്ടില്ലെന്നും പറഞ്ഞ് ആണയിടാൻ തുടങ്ങി.

മറ്റൊരു നിവേദനത്തിൽ പറയുന്നു: അബ്ദുല്ലാഹ് ബിൻ ഉബയ്യ് കാര്യങ്ങൾ അറിഞ്ഞപ്പോൾ നബി(സ) തിരുമേനിയുടെ സവിധത്തിലെത്തി. അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറഞ്ഞു: 'സയ്ദ് പറഞ്ഞതൊന്നും ഞാൻ പറഞ്ഞിട്ടില്ല.'

മൂന്നാമതൊരു നിവേദനത്തിൽ പറയുന്നു: നബി(സ) തിരുമേനി അബ്ദുല്ലാഹ് ബിൻ ഉബയ്യിനേയും കൂട്ടുകാരേയും വിളിച്ചുവരുത്തി. അയാൾ താൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ലെന്ന് സത്യം ചെയ്ത് പറഞ്ഞു. അവിടെ സന്നിഹിതരായിരുന്ന അൻസ്വാർ പറഞ്ഞു: 'ഒരുപക്ഷേ, ആ കുട്ടിക്ക് തോന്നിയതായിരിക്കും.' ഇക്കാര്യം അവർ ഇബ്നു ഉബയ്യിനെ പ്രതിരോധിച്ചുകൊണ്ട് പറഞ്ഞതാണ്. കാരണം അവൻ തന്റെ സമൂഹത്തിൽ അന്തസ്സും പദവിയുമുള്ള ആളായിരുന്നു. പക്ഷേ, ചിലയാളുകൾ സയ്ദ് സത്യമാണ് പറയുന്നതെന്ന് കരുതിയിരുന്നു. ചിലർ അദ്ദേഹത്തെ തെറ്റുധരിക്കുകയും ചെയ്തിരുന്നു. സയ്ദ് കുട്ടിയാണെങ്കിലും സത്യമാണ് പറയുന്നതെന്ന് ചിലർക്ക് ഉറപ്പുണ്ടായിരുന്നു. ഏതായാലും അധികമാളുകളും അദ്ദേഹം തെറ്റാണ് പറയുന്നതെന്ന് തന്നെയാണ് കരുതിയത്.

ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ) പറയുന്നു: 'ഇബ്നു ഉബയ്യിന്റെ സംഭവം നടന്ന സമയത്ത് ഞാൻ നബി(സ) തിരുമേനിയുടെ സവിധത്തിൽ ഹാജരായി. നബി(സ) തിരുമേനി ഒരു മരത്തണലിൽ ഇരിക്കുകയായിരുന്നു. നബി(സ) തിരുമേനിയുടെ അരികിൽ ഒരു നീഗ്രോ അടിമ ഇരുന്ന് നബി(സ) തിരുമേനിയുടെ മുതുകിൽ അമർത്തുന്നുണ്ടായിരുന്നു.' ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്, അങ്ങേക്ക് ഇടുപ്പ് വേദനയുണ്ടെന്ന് തോന്നുന്നു.' നബി(സ) തിരുമേനി പറഞ്ഞു: 'കഴിഞ്ഞ ദിവസം രാത്രി ഞാൻ ഒട്ടകപ്പുറത്ത് നിന്ന് വീണിരുന്നു.'

ഞാൻ ഈ കാര്യങ്ങൾക്കുശേഷം യഥാർഥവിഷയത്തിലേക്ക് വന്നു. ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് എനിക്ക് ഇബ്നു ഉബയ്യിന്റെ തലകൊയ്യാൻ, അയാളെ വധിക്കാൻ അനുമതി തന്നാലും.' നബി(സ) തിരുമേനി പറഞ്ഞു: 'ഞാൻ സ്വഹാബിമാർക്ക് അയാളെ വധിക്കാൻ അനുമതി നൽകിയാൽ മദീനയിൽ പലർക്കും അത് ഇഷ്ടമാകില്ല.' ഞാൻ പറഞ്ഞു: 'അങ്ങ് അയാളെ വധിക്കാൻ മുഹമ്മദ് ബിൻ മസ്‌ലമക്ക് അനുമതി നൽകിയാലും.' നബി(സ) തിരുമേനി പറഞ്ഞു: 'ആളുകൾ ഞാനെന്റെ കൂട്ടുകാരെ കൊല്ലുന്നെന്ന് പറയാൻ ഇടവരാതിരിക്കട്ടെ.' അപ്പോൾ ഞാൻ പറഞ്ഞു: 'എങ്കിൽപ്പിന്നെ അങ്ങ് ആളുകൾക്ക് തിരിച്ചുപോകാൻ അനുമതി നൽകിയാലും.' നബി(സ) തിരുമേനി പറഞ്ഞു: 'ശരി.'

മറ്റൊരുനിവേദനത്തിൽപറയുന്നു: നബി(സ) തിരുമേനി താൻതന്നെ ജനങ്ങളോടു തിരിച്ചുപോകാൻ വിളംബരപ്പെടുത്തുന്നതിനുവേണ്ടി ഹദ്റത്ത് ഉമറിനോടു കൽപ്പിച്ചു. ഇത് പകൽ സമയമായിരുന്നു. നബി(സ) തിരുമേനി ഈ സമയത്ത് പൊതുവിൽ യാത്ര ചെയ്തിരുന്നില്ല. അയാൾ അത്തരം വർത്തമാനം പറഞ്ഞിരിക്കാമെന്ന് നബി(സ) തിരുമേനിക്കും തോന്നിയിരുന്നു. അത് പൂർത്തിയാക്കാൻ അദ്ദേഹം പറഞ്ഞു. അയാൾ നിന്ദ്യനായ വ്യക്തിയെ പുറത്താക്കുമെന്ന് പറഞ്ഞത് യാത്രചെയ്ത് തിരികെ മദീനയിലെത്തുമ്പോൾ അയാൾ എന്ത് ചെയ്യുമെന്ന് കാണാമല്ലോ? ഏതായാലും ഹദ്റത്ത് ഉമർ(റ) ജനങ്ങളോടു തിരിച്ചുപോകാൻ വിളംബരപ്പെടുത്തി. ആ സമയത്ത് കഠിനമായ ചൂടായിരുന്നു. തണുപ്പുള്ള സമയത്ത് യാത്ര ചെയ്യുന്നതായിരുന്നു നബി(സ) തിരുമേനിയുടെ ശീലം. എന്നാൽ, ഇബ്നു ഉബയ്യിന്റെ അറിയിപ്പ് കിട്ടിയതും അവിടന്ന് പുറപ്പെട്ടു. ഏറ്റവുമാദ്യം സഅ്ദ് ബിൻ ഉബയ്ദയാണ് നബി(സ) തിരുമേനിയെ കണ്ടത്. ചിലർ ഉസയ്ദ് ബിൻ ഹുളയ്ർ ആണെന്നും പറയുന്നുണ്ട്. അദ്ദേഹം നബി(സ) തിരുമേനിയോട് പറഞ്ഞു. **അസ്സലാമു അലയ്ക്ക അയ്യുഹന്നബിയ്യു വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹൂ.** അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: **വ അലയ്ക്കസ്സലാമു വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹൂ** അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്!അങ്ങ് ചൂടുകാലത്ത് പതിവിന് വിപരീതമായി ഈ സമയത്ത് പുറപ്പെട്ടിരിക്കുന്നു.' നബി(സ) തിരുമേനി ചോദിച്ചു: 'നിന്റെ കൂട്ടുകാരൻ പറഞ്ഞതൊന്നും നീ അറിഞ്ഞില്ലേ? അദ്ദേഹം ചോദിച്ചു: 'യാ റസൂലല്ലാഹ്! ഏതു കൂട്ടുകാരൻ?' നബി(സ) തിരുമേനി പറഞ്ഞു: അബ്ദുല്ലാഹ് ബിൻ ഉബയ്യ് പറയുന്നു, അയാൾ മദീനയിൽ തിരിച്ചെത്തിയാൽ വന്ദ്യനിൽ വന്ദ്യനായി വ്യക്തി, നിന്ദ്യനിൽ നിന്ദ്യനായ ആളെ പുറത്താക്കുമെന്ന്. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് താൽപര്യപ്പെടുകയാണെങ്കിൽ അയാളെ മദീനയിൽനിന്ന് പുറത്താക്കിയാലും. കാരണം അയാൾ നിന്ദ്യനും അങ്ങ് വന്ദ്യനുമാകുന്നു. എല്ലാ അന്തസ്സും അല്ലാഹുവിനും അങ്ങയ്ക്കും വിശ്വാസികൾക്കുമാണുള്ളത്.' തുടർന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്! അയാളോടു സൗമ്യമായി പെരുമാറിയാലും. അല്ലാഹുവാണെ സത്യം, അല്ലാഹു അങ്ങയെ മദീനയിലെത്തിച്ചു. എത്തിച്ചപ്പോൾ അങ്ങ് അയാളുടെ കിരീടം തട്ടിയെടുത്തുവെന്നാണ് അയാൾ കരുതുന്നത്. *(സ്വഹീഹ് ബുഖാരി, കിതാബുത്തഫ്സീറുൽഖുർആൻ ഹദീഥ് 4904, 4905)(ഹുദസ്സാരി മുഖദ്ദിമ ഫത്ഹുൽബാരി , പേജ് 468, ഖദീമീ കുതുബ് ഖാന കറാച്ചി)(സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 389, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫത്ഹുൽബാരീ ശറഹ് സ്വഹീഹുൽ ബുഖാരി, വാള്യം 8, പേജ് 645, അൽമക്തബ സ്സലഫിയ) (സീറത്ത് എൻസൈക്ലോപീഡിയ വാള്യം 7, പേജ് 182, ദാറുസ്സലാം രിയാള്)(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 348–350 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(സുബുലുൽഹുദാ (മുത്തർജിം)വാള്യം 4, പേജ് 782, സാവിയ പബ്ലീഷേർസ് ലാഹോർ) (അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 670, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഏതായാലും സയ്ദ് പറഞ്ഞത് സത്യമാണെന്നും അബ്ദുല്ലാഹ് പറഞ്ഞത്

• ഹദീഥുന്നബ്വി(സ) •

'എന്റെ സമുദായത്തിനുമേൽ വലിയ ഒരു ചുമടു ഞാൻ ചുമത്തുകയില്ലായിരുന്നെങ്കിൽ ഓരോ വുളുവിനും ദന്തധാവനം ഞാൻ അവരോടു ആജ്ഞാപിക്കുമായിരുന്നു.'

(ബു.30:27)

ത്വാലിബെ ദുആ

LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്വി(സ) •

'ശുദ്ധീരണമില്ലാതെ നമസ്കാരമോ നിയമവിരുദ്ധ മാർഗങ്ങളിൽകൂടി സമ്പാദിച്ചതിൽ നിന്നുള്ള ധർമമോ സ്വീകരിക്കപ്പെടുന്നതല്ല.' (മിശ്ക്കാത്ത് 3:1)

ത്വാലിബെ ദുആ

PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

കളവാണെന്നും നബി(സ)തിരുമേനിക്ക് ബോധ്യമായി. എന്നാൽ, നബി(സ)തിരുമേനി ആ നേരത്ത് യുക്തിപൂർവ്വം മൗനം പാലിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'മദീനയിൽ പോയി ആരാണ് നിന്ദ്യൻ, ആരാണ് വന്ദ്യൻ എന്ന് നോക്കാം.' ഏതായാലും അവസാനം അയാൾ കുറ്റക്കാരനാണെന്നും അയാൾ അക്കാര്യങ്ങളെല്ലാം പറഞ്ഞിരുന്നുവെന്നും തെളിഞ്ഞു. ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതിയ കാര്യങ്ങൾ ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

അടുത്ത വെള്ളിയാഴ്ച മുതൽ യു.കെ. ജൽസ ആരംഭിക്കുന്നതാണ്. അതിനു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാനിലയ്ക്കും ജൽസ അനുഗൃഹീതമാക്കുമാറാകട്ടെ. എല്ലാ പ്രവർത്തകർക്കും ഉന്നതമായ സ്വഭാവം പ്രകടിപ്പിച്ചുകൊണ്ടും ത്യാഗസന്നദ്ധതയോടും തങ്ങളുടെ കടമകൾ നിറവേറ്റാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. ഇവിടെ എത്തിച്ചേർന്നിട്ടുള്ള അതിഥികൾക്കും സംരക്ഷണം നൽകുമാറാകട്ടെ. വരാനുള്ള തയ്യാറെടുപ്പിൽ യാത്രയിലുള്ളവരേയും യാത്ര പുറപ്പെടുന്നവരേയും വരാനുള്ളവരേയും എല്ലാവരേയും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. എല്ലാവരേയും സുരക്ഷിതമായി എത്തിക്കുമാറാകട്ടെ.

ഇനി ചില പരേതാത്മക്കളെ അനുസ്മരിക്കുന്നതും അവരുടെ ജനാസ നമസ്കരിക്കുന്നതുമാണ്. അതിൽ ആദ്യത്തേത് സലീമ ബാനു സാഹിബയുടേതാണ്. ഇവർ നാളിർ ദഅ്വത്തെ ഇലല്ലാഹ് ശിമാലി ഹിന്ദ് ഹമീദ് കൗഥർ സാഹിബിന്റെ ഭാര്യയാണ്. കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേത മൂസിയ ആയിരുന്നു. മുഹമ്മദ് ഹമീദ് കൗഥർ സാഹിബ് എഴുതുന്നു: ഇവർ ജമ്മുകാശ്മീർ ബദർവയിലുള്ള മർഹൂം അബ്ദുൽഗനി സാഹിബിന്റെ മകളായിരുന്നു. ഇദ്ദേഹം 1935-ൽ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് മുഖേനയാണ് ബയ്അത്ത് ചെയ്തത്. വിഭജനകാലം വരെയും ഖാദിയാൻ ജൽസാസാലാനയിൽ പർവതത്തിലെ മഞ്ഞുവഴികളിലൂടെയും കുറച്ച് കാൽനടയായും കുറച്ച് കുതിര സവാരിയിലൂടെയും എത്തിയിരുന്നു. വളരെ താൽപര്യത്തോടെ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ പ്രഭാഷണം കേൾക്കുമായിരുന്നു.

കൗഥർ സാഹിബ് തന്റെ ഭാര്യയെ പറ്റി പറയുന്നു: വാഖിഫെ സിന്ദഗിയായ ഞങ്ങൾക്ക് വളരെ തുച്ഛമായ അലവൻസാണ് കിട്ടിയിരുന്നത്. പക്ഷേ, വളരെ മിതവ്യയം ചെയ്തുകൊണ്ടാണ് കഴിച്ചുകൂട്ടിയിരുന്നത്. അതിഥിസൽക്കാരവും ചെയ്തിരുന്നു. അല്ലാഹു ഈ അലവൻസിൽ അനിതരസാധാരണമായ അനുഗ്രഹം നൽകിയിട്ടുണ്ടെന്ന് പറയുമായിരുന്നു. മിതവ്യയം അവരുടെ ശീലമായിരുന്നു. ഒരിക്കലും പരാതി പറഞ്ഞിരുന്നില്ല. ചില സമയത്ത് പരാതി പറയുന്നവർക്ക് ഇതൊരു മാതൃകയാണ്. കൗഥർ സാഹിബ് പറയുന്നു: എന്റെ ആദ്യ പോസ്റ്റിംഗ് ശ്രീനഗറിലായിരുന്നു. അവിടെനിന്ന് ബോംബെയിലേക്ക് ട്രാൻസ്ഫറായി. അവിടെ സ്വദ്ർ ലജ്നയായി സേവനം ചെയ്തിട്ടുണ്ട്. അവിടെനിന്ന് കബാബീറിലേക്കാണ് മാറ്റം കിട്ടിയത്. അവർ പറഞ്ഞു: 'എനിക്ക് അറബിഭാഷ പഠിക്കാൻ ബുദ്ധിമുട്ടാണ്. എങ്കിലും ഞാൻ സ്ത്രീകളിൽനിന്ന് സംസാരഭാഷ (കൊളോക്കിയൽ ഭാഷ)പഠിക്കാം.' പിന്നീട് അവർ വളരെ വേഗം അത് പഠിക്കുകയും അവിടെ തഅ്ലിം തർബിയ്യത്തിൽ വളരെ നല്ല നിലയിൽ ഭാഗഭാക്കാകുകയും ചെയ്തു.

86 മുതൽ 97 വരെ 11 വർഷം കബാബീർ ലജ്ന ഇമാഇല്ലാഹ് സ്വദ്റായി സേവനമനുഷ്ഠിച്ചു. ലജ്ന ഇമാഇല്ലായെ പുനഃസംഘടിപ്പിച്ചു. ഇജ്തിമാകൾക്ക് തുടക്കം കുറിച്ചു. ഇജ്തിമാ നടക്കുകയായിരുന്നു. ഇതു സംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം അവരെ ശ്ലാഘിച്ചിരുന്നു. അതായത് കബാബീർ ലജ്ന ഇമാഇല്ലായുടെ ഇജ്തിമാ നടന്നുകൊണ്ടിരിക്കുകയാണെന്ന്! അവരുടെ അഞ്ചാമത്തെ ഇജ്തിമാ ആണ്. പിന്നീട് പറഞ്ഞു: കബാബീർ ലജ്ന ഇമാഇല്ലാഹ് അറബി സ്ത്രീകൾ അടങ്ങിയതാണ്. അവരിലൊരാൾ മാത്രം ഇന്ത്യയിലെ കശ്മീരിൽനിന്നുള്ള വനിതയാണ്. പക്ഷേ, അവരും ഇപ്പോൾ അറബികളെപോലെ ആയിരിക്കുന്നു. അവരോടു ഇഴുകിച്ചേർന്ന് അവർക്ക് തർബിയ്യത്ത് ചെയ്യുന്നു. കൗഥർ സാഹിബ് പറയുന്നു: 1998-ൽ ഞാൻ ഇന്ത്യയിൽ തിരിച്ചുവന്നപ്പോൾ ഭാര്യയും എന്നോടൊപ്പമുണ്ടായിരുന്നു. ആരോഗ്യം അനുവദിച്ച കാലമത്രയും പരേത ഏറെക്കുറെ എല്ലാ ദിവസവും ബയ്ത്തുദ്ദുആ, മസ്ജിദ് മുബാറക്, ബയ്ത്തുദിക്ർ, ബിഹിശ്തി മഖ്ബറ എന്നിവിടങ്ങളിൽ നഫ്ലുകൾക്കും ദുആക്കും വേണ്ടി പോകുമായിരുന്നു.

അമീർ കബാബീർ ശരീഫ് ഔദ സാഹിബ് എഴുതുന്നു: പരേത ആദ്യത്തെ സ്വദ്ർ ലജ്നയായി നിയമിക്കപ്പെട്ടു. തുടർച്ചയായി 6 വർഷം ഈ ഉത്തരവാദിത്വം അവർ നിറവേറ്റി. അദ്ദേഹം കൂടുതൽ കാലം എഴുതിയിട്ടുണ്ട്. ഇദ്ദേഹം 6 വർഷമെന്നാണ് എഴുതിയിരിക്കുന്നത്. ഏതായാലും അവിടെ ഉണ്ടായിരുന്ന സമയമത്രയും അവർ തുടരുകയുണ്ടായി. പരേത വിവിധ ദീനീ ദർസുകളും ദീനീ പരിപാടികളും മുഖേന ലജ്നയുടെ തഅ്ലിം തർബിയ്യത്തിൽ നിർണായക പങ്ക് വഹിച്ചിരുന്നു. അവർ തന്റെ സൽസ്വഭാവവും, സൽപെരുമാറ്റവും മുഖേന കബാബീർ ജമാഅത്തുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിൽ വിജയിച്ചു. വളരെ വേഗം അറബി സംസാരിക്കാൻ പഠിച്ചു. വളരെ വേഗം ജമാഅത്തിലെ മക്കളുമായി, അവരുടെ ആളായി ഇഴുകിച്ചേർന്നു. പറയുന്നു: ഖാദിയാനിൽ പോയിട്ടും കഴിഞ്ഞ 20 വർഷം മരണംവരെയും കബാബീറിലെ സ്ത്രീകളുമായി ബന്ധം തുടർന്നിരുന്നു. അവിടെ ഉണ്ടായിരുന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സൽക്കരിച്ചിരുന്നു. അതിഥിസൽക്കാരത്തിൽ പ്രത്യേക താൽപര്യമായിരുന്നു. കൂടാതെ ജമാഅത്തുസെന്റർ വൃത്തിയായി സൂക്ഷിക്കുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സന്തപ്ത കുടുംബത്തിൽ ഒരു മകളും രണ്ട് ആൺമക്കളുമുണ്ട്. ഒരു മകൻ മുറബ്ബിയാണ്. രണ്ടാമൻ മജീദ് മുബശ്ശിർ എം.ടി.എ അൽഅറബിയായിൽ(ഖാദിയാൻ) സേവനം ചെയ്യുന്നു. മകൾ ബുശ്റ കൗഥർ സാഹിബ ഹോളണ്ടിൽ ഡോക്ടർ അയ്മൻ ഔദ സാഹിബിന്റെ ഭാര്യയാണ്. ഹോളണ്ട് ലജ്ന ഇമാഇല്ലായിൽ ഖിദ്മത്ത് ഖൽഖ് നാഷണൽ സെക്രട്ടറിയായി സേവനം ചെയ്യുന്നു. മൂത്തമകൻ മുബശ്ശിർ കൗഥർ എം.ടി.എ. അൽ അറബിയായിൽ ഇവിടെ യു.കെ.യിലാണ് സേവനം ചെയ്യുന്നത്. ശരീഫ് കൗഥർ ഖാദിയാനിൽ നാഇബ് സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ ആകുന്നു. മുറബ്ബിയുമാണ്. കൂടാതെ അഡീഷണൽ ഇൻചാർജുമാണ്. അല്ലാഹു അവരോട് കരുണയോടെയും പൊറുമയോടെയും വർത്തിക്കുമാറാകട്ടെ. മക്കൾക്കും അവരുടെ നന്മകൾ തുടരാൻ തൗഫീഖ് നൽകുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം നൂറുൽ ഹഖ് മള്ഹർ സാഹിബിന്റേതാണ്. ലാഹോർകാരനായിരുന്നു. ടൻസാനിയായിലെ മുറബ്ബി റാഗിബ് സിയാഉൽഹഖ് സാഹിബിന്റെ പിതാവാണ്. കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു.

റാഗിബ് സിയാഉൽഹഖ് സാഹിബ് എഴുതുന്നു: അവരുടെ കുടുംബത്തിൽ പിതാമഹൻ മുൻശി ദീൻ മുഹമ്മദ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. അദ്ദേഹം തന്റെ പിതൃവ്യനോടൊപ്പം 1905-ൽ വലിയ താൽപര്യത്തോടെ ഖാദിയാനിലെത്തി. ബയ്അത്ത് പിന്നീടാണ് ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിന്നിൽ നമസ്കരിക്കാനും ഭാഗ്യം ലഭിച്ചിട്ടുണ്ട്. ബയ്അത്തിനുവേണ്ടി അപേക്ഷിച്ചെങ്കിലും

ശേഷം പേജ് 11 ൽ

### • അല്ലാഹുവിന്റെ കലാം •

"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"

(വിശുദ്ധ ഖുർആൻ 54:18)

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

### • ഹദീഥുന്നബ്വി(സ) •

'ശുദ്ധി വിശ്വാസത്തിന്റെ നേർ പകുതിയാകുന്നു.'

(മുസ്‌ലിം. മിശ്ക്കത്ത് 3)

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

## ഖുത്ബ ജുമുഅ

**നബി(സ) തിരുമേനി പറഞ്ഞു: സലാം പ്രചരിപ്പിക്കുന്നതിനുവേണ്ടി നിങ്ങൾ പരിചിതർക്കും അപരിചിതർക്കും സലാം പറയുക.**

**ഹദീഖത്തുൽ മഹ്ദിയിൽ ഒരു താൽക്കാലിക നഗരം നിർമിക്കപ്പെട്ടിരിക്കുകയാണ്. ജൽസസാലാനയുടെ അന്തരീക്ഷത്തിൽ താമസിച്ചുകൊണ്ട്, നമ്മൾ ഭൗതികപരമായ കെട്ടുപാടുകളിൽനിന്ന് വേറിട്ട് നമ്മുടെ മതപരവും ആത്മീയപരവും ധാർമികപരവുമായ അവസ്ഥകൾ മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.**

**ജൽസയിൽ വരുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാകുന്നതിനെക്കാളും കൂടുതൽ എങ്ങനെ നമുക്ക് ഈ ചുറ്റുപാടിൽനിന്ന് കൂടുതൽക്കൂടുതൽ ഫലമെടുക്കാമെന്ന ചിന്തയാണുണ്ടാകേണ്ടത്.**

**ഞാൻ സകല പ്രവർത്തകരുടേയും ശ്രദ്ധക്ഷണിക്കുകയാണ്. ഏതെല്ലാം ചുമതലകളാണോ നിങ്ങളിൽ അർപിക്കപ്പെട്ടിട്ടുള്ളത് അതെല്ലാം നല്ല രീതിയിൽ നടപ്പിൽ വരുത്താൻ ശ്രമിക്കുക. ജൽസയിൽവരുന്ന അതിഥികളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണെന്ന് മനസ്സിലാക്കി സേവനം ചെയ്യുക. അവർ അല്ലാഹുവിനുവേണ്ടി സദുദ്ദേശ്യത്തോടെ വരുന്നവരാണെന്ന് കരുതി സേവിക്കുക. ഉന്നതമായ സ്വഭാവം കാണിക്കുക. അതിഥികളിൽനിന്ന് എന്തെങ്കിലും അതിക്രമമുണ്ടായാതായി നിങ്ങൾക്കു തോന്നിയാൽ അത് അവഗണിച്ചേക്കുക. ഇതാണ് നമ്മുടെ പാരമ്പര്യം. ഇതാണ് ഉദാത്തമായ സ്വഭാവം. ഇതുതന്നെയാണ് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കൽപ്പന. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് ആഗ്രഹിക്കുന്നതും. ഇപ്പോൾ ഈ ആതിഥ്യവും ഉന്നതമായ സ്വഭാവത്തിന്റെ പ്രകടനവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ രാജ്യത്തും അഹ്മദിയ്യ ജമാഅത്തിന്റെ സവിശേഷഗുണമായി കഴിഞ്ഞിരിക്കുന്നു.**

**ഏതു വിഭാഗത്തിൽ പ്രവർത്തിക്കുന്നവരായാലും അവരെല്ലാവരും അതിഥികളെ നല്ലവണ്ണം ശ്രദ്ധിക്കുക. ട്രാഫിക്കിന്റെ ചുമതലയുണ്ട്, പാർക്കിംഗിന്റെ ചുമതലയുണ്ട്, ഭക്ഷണവിതരണത്തിന്റെ ചുമതലയുണ്ട്, അച്ചടക്കത്തിന്റെ ചുമതലയുണ്ട്, ഗേയ്റ്റിൽ പരിശോധനയുടെ ചുമതലയുണ്ട്, ശുചീകരണച്ചുമതലയുണ്ട്, കുടിവെള്ള വിതരണത്തിന്റെ ചുമതലയുണ്ട് ഇങ്ങനെ ഏതു ചുമതലയാണെങ്കിലും അതിഥികൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഭംഗിയായി നിറവേറ്റുക.**

**അല്ലാഹുവിനുവേണ്ടി യാത്ര ചെയ്യുന്നവരുടെ ശ്രദ്ധ ഭൗതികപരമായ ആവശ്യങ്ങളിലും സുഖസൗകര്യങ്ങളിലും കുറവായിരിക്കും. ഇവിടെ താമസിച്ച് കൂടുതൽക്കൂടുതൽ ആത്മീയ ഭക്ഷണം കരസ്ഥമാക്കുക എന്നതായിരിക്കും അവരുടെ അടിസ്ഥാനപരമായ ഉദ്ദേശ്യം.**

**യഥാർഥ മുഅ്മിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു, അവർ കോപത്തെ അടക്കുന്നവരായിരിക്കും. അതിക്രമം കാണിക്കുന്നവരോടും കാണിക്കപ്പെടുന്നവരോടും ഇരുകൂട്ടരോടും ഞാൻ പറയുന്നു, നിങ്ങൾ ജൽസയുടെ പരിശുദ്ധമായ അന്തരീക്ഷത്തെ മുന്നിൽ വെക്കുക. അതിഥികളും വിട്ടുവീഴ്ചയോടെ പെരുമാറുക.**

**ഇവിടെ വരുന്നവർ പരസ്പരം സലാം പ്രചരിപ്പിക്കുക...... അല്ലാഹു നമുക്ക് പരിശുദ്ധവും അനുഗൃഹീതവുമായ ഈ ദുആ പഠിപ്പിച്ചു. നമ്മൾ നാനാഭാഗത്തും സമാധാനവും മൈത്രിയും സ്നേഹവും പരത്തുന്നവരായിത്തീരാൻ ഈ ദിനങ്ങളിൽ ഇതു കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ഈ അന്തരീക്ഷം അല്ലാഹുവിനുവേണ്ടി മാത്രം മമതയുടേയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷമായിത്തീരട്ടെ.**

**യു.കെ. ജൽസസാലാനയുടെ അവസരത്തിൽ ആതിഥേയർക്കും അതിഥികൾക്കുമുള്ള സുവർണോപദേശങ്ങൾ. ഇപ്രകാരംതന്നെ നബിതിരുമേനിയുടെ ഉപദേശത്തിന്റെ വെളിച്ചത്തിൽ സലാം പ്രചരിപ്പിക്കാൻ ആഹ്വാനം.**

**ഖുത്ബ ജുമുഅ 2024 ജൂലൈ 26, 1403 വഫാ 26**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللّٰہ تعالیٰ بنصرہ العزیز**

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് യു.കെ. ജൽസാ സാലാന ആരംഭിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആയിരക്കണക്കിനാളുകൾ ഇവിടെ മതപരവും ആത്മീയപരവുമായ അന്തരീക്ഷത്തിൽ നിന്ന് ഫലമെടുക്കാൻ വന്നിരിക്കുന്നു. ഈ ദിവസങ്ങളിൽ ഇവിടെ ഹദീഖത്തുൽ മഹ്ദിയിൽ ഒരു താൽക്കാലിക നഗരം നിർമിക്കപ്പെട്ടിരിക്കുകയാണ്. ജൽസസാലാനയുടെ അന്തരീക്ഷത്തിൽ താമസിച്ചുകൊണ്ട്, നമ്മൾ ഭൗതികപരമായ കെട്ടുപാടുകളിൽനിന്ന് വേറിട്ട് നമ്മുടെ മതപരവും ആത്മീയപരവും ധാർമികപരവുമായ അവസ്ഥകൾ മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

ഇത്തരം അവസ്ഥകളിൽ വരുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള സൗകര്യങ്ങൾ നേടുന്നതിനെക്കാളും കൂടുതൽ എങ്ങനെ നമുക്ക് ഈ ചുറ്റുപാടിൽനിന്ന് കൂടുതൽക്കൂടുതൽ ഫലമെടുക്കാമെന്ന ചിന്തയാണുണ്ടാകേണ്ടത്. ഏതായാലും മനുഷ്യന് അവന്റേതായ ആവശ്യങ്ങളുമുണ്ട്. അതുകൊണ്ട് പ്രസ്തുത ആവശ്യങ്ങൾ പൂർത്തിയാക്കാനും വരുന്നവർക്കെല്ലാം പരമാവധി സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും സംഘാടകർ ശ്രമിക്കാറുണ്ട്. അതിനുവേണ്ടി വിവിധ വകുപ്പുകൾ ജൽസാ സാലാനയുടെ ദിവസങ്ങളിൽ നമ്മുടെ സംവിധാനത്തിനുകീഴിൽ സ്ഥാപിക്കുക

യും ആയിരക്കണക്കിന് ജീവനക്കാര്‍ വളണ്ടിയറായി, സന്നദ്ധസേവകരായി തങ്ങളുടെ സേവനം ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കാന്‍ സമര്‍പ്പിക്കുകയും ചെയ്യുന്നു.

ഇതുസംബന്ധമായി ആദ്യം ഞാന്‍ എല്ലാ വളണ്ടിയര്‍മാരുടേയും ശ്രദ്ധ ക്ഷണിക്കാന്‍ ആഗ്രഹിക്കുന്നു. ഏത് ഡ്യൂട്ടിയിലാണെങ്കിലും അത് നല്ലനിലയില്‍ നിറവേറ്റാന്‍ ശ്രമിക്കേണ്ടതാണ്. ജല്‍സയിലെ അതിഥികളെ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണെന്ന് മനസ്സിലാക്കി അവരെ സേവിക്കുക. അല്ലാഹുവിനെ മുന്‍നിറുത്തി അവര്‍ നല്ല ലക്ഷ്യം പ്രാപിക്കുന്നതിനുവന്ന അതിഥികളാണെന്ന് മനസ്സിലാക്കി സേവിക്കുക. അവരോടു ഉന്നതമായ ധാര്‍മിക സ്വഭാവം കാണിക്കുക. അതിഥികളുടെ ഭാഗത്തുനിന്ന് നിങ്ങളുടെ വീക്ഷണത്തില്‍ വല്ല അധികപറ്റായി എന്തെങ്കിലുമുണ്ടായാല്‍പോലും അതിനെ അവഗണിക്കുക. ഇതുതന്നെയാണ് നമ്മുടെ രീതി, ഇതുതന്നെയാണ് ഉന്നതമായ ധാര്‍മിക സ്വഭാവവും. ഇതുതന്നെയാണ് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) നമ്മളില്‍നിന്ന് ആഗ്രഹിക്കുന്നതും. ഇപ്പോള്‍ ഈ അതിഥിസല്‍ക്കാരവും ഉന്നതമായ ധാര്‍മിക സ്വഭാവവും അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ എല്ലാ രാജ്യങ്ങളിലും അഹ്മദിയ്യാ ജമാഅത്തിന്റെ പ്രത്യേക സവിശേഷതയായിക്കഴിഞ്ഞിരിക്കുന്നു.

ജല്‍സയുടെ ദിവസങ്ങളില്‍ പ്രത്യേകമായും ഇക്കാര്യങ്ങളില്‍ ശ്രദ്ധ ക്ഷണിക്കാറുണ്ട്. ആയതിനാല്‍ ഇവിടേയും വളണ്ടിയര്‍മാര്‍ എപ്പോഴത്തേയുംപോലെ ഇസ്ലാമിക അധ്യാപനങ്ങളുടെ സവിശേഷതയായ ഉന്നതമായ ഗുണങ്ങള്‍ പ്രകടിപ്പിക്കേണ്ടതാണ്. എല്ലാ വളണ്ടിയര്‍മാരും ഈ വികാരത്തോടെ തന്നെയാണ് പ്രവര്‍ത്തിക്കുന്നത് എന്നെനിക്കറിയാം. ഇനിയും അങ്ങനെതന്നെ ചെയ്യുന്നതുമാണ്. ഇന്നലെ ഞാന്‍ വളണ്ടിയര്‍മാരോടുള്ള ഹ്രസ്വഭാഷണത്തില്‍ ഇക്കാര്യങ്ങള്‍ പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാലും ഓര്‍മപ്പെടുത്തുന്നതിനും പുതുതായി വന്നവരുടെ ശിക്ഷണത്തിനുംവേണ്ടി ഈ കാര്യങ്ങള്‍ പറയുകയാണ്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) അതിഥികളുടെ ഹൃദയം കണ്ണാടിച്ചില്ലുപോലെയാണെന്നും വൈകാരികമാണെന്നും അവ ഓര്‍മിക്കേണ്ടതാണെന്നും പറയാറുണ്ടായിരുന്നു. ചെറിയ കാര്യങ്ങളില്‍ ചെറുതായൊന്ന് മുട്ടിയാല്‍ അത് ചില്ലുപോലെ ഉടയുന്നതാണ്.' *(മല്‍ഫൂദാത്ത് വാല്യം 5, പേജ് 406, 1984 പതിപ്പ്)*

അതിഥികളുടെ ഹൃദയം വളരെ ലോലമാകുന്നു. അത് പിന്നീട് ചിലപ്പോള്‍ അയാള്‍ വഞ്ചിക്കപ്പെടാനും നിമിത്തമാകാറുണ്ട്. ഇത് വളണ്ടിയര്‍മാരുടെ പോരായ്മയാണെന്നും ജമാഅത്തുപരമായ അധ്യാപനത്തിന്റെ ന്യൂനതയല്ലെന്നും അവര്‍ ശരിയായി മനസ്സിലാക്കാറില്ല. അത് പലരുടേയും കാലിടര്‍ച്ചക്ക് കാരണമാകുന്നതായിരിക്കും. അതിനാല്‍ നല്ലതുപോലെ ശ്രദ്ധിക്കേണ്ടതാണ്. ഏതായാലും ഈ പറഞ്ഞതൊക്കെ പുതുതായി വരുന്ന, ശരിയായ ശിക്ഷണം കിട്ടാത്ത അല്ലെങ്കില്‍ ജമാഅത്തില്‍ ഇനിയും സജീവമാകാത്തവരെ സംബന്ധിച്ചുള്ളതാണ്. പക്ഷേ, ഇവിടെ ഭൂരിഭാഗം അഹ്മദികളും അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ പ്രയാസങ്ങളും സഹിക്കേണ്ടതായി വരുമെന്ന അറിവുള്ളവരാണ്. അതേസമയം ഞാന്‍ പറഞ്ഞതുപോലെ കുറേ അതിഥികള്‍ പുറത്തുനിന്നുള്ളവരുണ്ട്. അവരെ പ്രത്യേകമായി പരിഗണിക്കേണ്ടതാണ്. അവര്‍ ഇതുവരേയും ജമാഅത്തില്‍ ചേരാത്തവരോ അല്ലെങ്കില്‍ ശരിയായ ശിക്ഷണം ലഭിക്കാത്തവരോ ആയിരിക്കും. ആയതിനാല്‍ എല്ലാ വളണ്ടിയര്‍മാരും എല്ലാ വിഭാഗത്തിലെ വളണ്ടിയര്‍മാരും അതിഥികളെ നല്ലപോലെ പരിഗണിക്കാന്‍ ശ്രമിക്കേണ്ടതാണ്. ട്രാഫിക്കിന്റെ ചുമതലയായാലും അല്ലെങ്കില്‍ പാര്‍ക്കിംങ്ങിന്റെ ചുമതലയായാലും ഭക്ഷണം നല്കുന്നതിന്റെ ചുമതലയായാലും അല്ലെങ്കില്‍ അച്ചടക്കസംബന്ധമായ ചുമതലയായാലും ഗേറ്റിലെ ചെക്കിംഗിന്റെ ചുമതലയായാലും ശുചീകരണ ചുമതലയായാലും, കുടിവെള്ള വിതരണം ചുമതലയായാലും എന്തു ചുമതലയായാലും അതിഥികള്‍ക്ക് പരമാവധി സൗകര്യം ചെയ്തുകൊടുക്കാനും ആര്‍ക്കും പ്രയാസമില്ലാതിരിക്കാനും വേണ്ടി ശ്രമിക്കേണ്ടതാണ്.

ഇതിനുശേഷം കുറച്ച് കാര്യങ്ങള്‍ അതിഥികളോടും പറയാനാഗ്രഹിക്കുകയാണ്. അതുപോലെ സംവിധാനവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളും പറയുന്നതായിരിക്കും. അതിഥികളോടു ഏറ്റവുമാദ്യമായി എനിക്ക് പറയാനുള്ളതെന്തെന്നാല്‍, നിങ്ങള്‍ ഒരു നല്ല ലക്ഷ്യവുമായിട്ടാണ് ഇവിടെ എത്തിയിട്ടുള്ളത്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികള്‍ എന്ന നിലയിലാണ് ഇവിടെ വന്നിട്ടുള്ളത്. ഭൗതികപരമായ അന്തസ്സിനും, ഭൗതികപരമായ സേവനങ്ങള്‍ക്കുമതീതമായി യഥാര്‍ഥ മുസ്‌ലിമിന്റെ വ്യതിരിക്തതയായ ഉന്നതമായ ധാര്‍മിക ഗുണത്തില്‍ അഭിവൃദ്ധി നേടുന്നതിനാണ് നിങ്ങള്‍ ശ്രദ്ധിക്കേണ്ടത്. അത് പ്രാപിക്കാനാണ് നിങ്ങള്‍ ഇവിടെ വന്നിട്ടുള്ളതും. ആ ലക്ഷ്യത്തിന് വേണ്ടിയായിരിക്കണം നിങ്ങള്‍ ഇവിടെ വരേണ്ടതും.

ഞാന്‍ പറഞ്ഞതുപോലെ, തീര്‍ച്ചയായും ജമാഅത്തുപരമായ സംവിധാനത്തിന് കീഴില്‍ ഈ പരിശുദ്ധവും അനുഗൃഹീതവും ലക്ഷ്യബോധവുമുള്ള യാത്രചെയ്തുവരുന്ന യാത്രികരേയും അതിഥികളേയും സേവിക്കാനുള്ള സംവിധാനമുണ്ട്. ആവശ്യങ്ങള്‍ പരമാവധി നിറവേറ്റാന്‍ സംഘാടകര്‍ ശ്രമിക്കുന്നുമുണ്ട്. പക്ഷേ, അല്ലാഹുവിനുവേണ്ടി യാത്ര ചെയ്യുന്നവര്‍ക്ക് ഭൗതികപരമായ ആവശ്യങ്ങളിലേക്കും സൗകര്യങ്ങളിലേക്കും വളരെ കുറച്ചു മാത്രമേ ശ്രദ്ധ ഉണ്ടാകാറുള്ളു. കൂടുതല്‍ സമയം ഇവിടെ കഴിച്ചുകൂട്ടി ആത്മീയ ഭക്ഷണത്തളികയില്‍ നിന്ന് പ്രയോജനം നേടുകയെന്നതായിരിക്കുംഅവരുടെ അടിസ്ഥാന ലക്ഷ്യം.

അതുകൊണ്ട് നിങ്ങള്‍നിങ്ങളെ ഒരിക്കലും ഭൗതികരായ യാത്രക്കാരുടെ ഗണത്തിലും അതിഥികളുടെ ഗണത്തിലും കൊണ്ടുവരാന്‍ ശ്രമിക്കാതിരിക്കേണ്ടതാണ്. ഇക്കാര്യം നിങ്ങള്‍ മനസ്സിലാക്കുകയാണെങ്കില്‍ ആതിഥ്യം വഹിക്കുന്നവരുടെ ദൗര്‍ബല്യങ്ങളും കുറവുകളും നിങ്ങള്‍ വിട്ടുകളയുന്നതായിരിക്കും. ഇല്ലെങ്കില്‍ ചില പ്പോള്‍ ഇന്ന സ്ഥലത്തെ ആളുകള്‍ക്ക് പ്രത്യേകപരിഗണന നല്കി, ഇന്ന സ്ഥലത്തെ ആളുകള്‍ക്ക് കൂടുതല്‍ സൗകര്യം ലഭ്യമാക്കി തുടങ്ങിയ പരാതികളുണ്ടാകുന്നതായി കാണാറുണ്ട്. ഇന്നവരോടു നല്ലനിലയില്‍ പെരുമാറി, ഇന്നവരോടു അത്രയുണ്ടായില്ല തുടങ്ങിയവ. ഞാന്‍ പറഞ്ഞതുപോലെ പ്രവര്‍ത്തിക്കുകയാണെങ്കില്‍ ഇത്തരം പരാതികളുണ്ടാകുകയില്ല.

ചില സമയത്ത് വിലയിരുത്തലില്‍ വരുന്ന അബദ്ധംകൊണ്ടും ചില ന്യൂനതകളുണ്ടാകാം. അത് അവഗണിക്കേണ്ടതാണ്. ഓരോരുത്തരുടേയും മനസ്സില്‍, വരുന്ന ഓരോ അഹ്മദി മുസ്‌ലിമിന്റേയും ഹൃദയത്തില്‍ തങ്ങളുടെ ലക്ഷ്യം ആത്മീയ ഭക്ഷണം കരസ്ഥമാക്കുകയാണെന്നും ഏതെങ്കിലും ഭൗതിക പരമായ സൗകര്യം നേടുകയല്ലെന്നുമുള്ള ചിന്ത ഉണ്ടായാല്‍ പ്പിന്നെ ആതിഥേയരും അതിഥിയും സ്നേഹത്തോടെ ഈ ദിവസങ്ങള്‍ കഴിച്ചുകൂട്ടുന്നതായിരിക്കും. ഏതായാലും ഞാന്‍ ഇവിടെ ഒരു കാര്യം പറയട്ടെ, എല്ലാ അതിഥികളോടും നല്ലനിലയില്‍ പെരുമാറാന്‍ സംഘാടകരുടെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകുന്നതാണ്. പക്ഷേ, ഞാന്‍ പറഞ്ഞുവന്നതുപോലെ എന്തെങ്കിലും ഏറ്റക്കുറച്ചിലുണ്ടായാല്‍ അതിഥികള്‍ അത് അവഗണിക്കേണ്ടതാണ്. അതാണ് നമ്മുടെ അധ്യാപനം. അതിഥികളെ ആദരിക്കാനും പരിഗണിക്കാനും കല്‍പിച്ചിടത്തുതന്നെ ആതിഥേയരുടെ സൗകര്യങ്ങളെ പരിഗണിക്കാന്‍ അതിഥികളോടും പറഞ്ഞിട്ടുണ്ട്. ഏതായാലും ഹദ്‌റത്ത് മസീഹ് മൗഊദ്(അ) അതിഥികളെ നല്ലപോലെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യങ്ങള്‍ മടികൂടാതെ പറയാനും പറയുമായിരുന്നു. *(മല്‍ഫൂദാത്ത് വാല്യം 3, പേജ് 112,1984 പതിപ്പ്). പക്ഷേ, ഇത് പൊതുവായ അവസ്ഥയിലുള്ള കാര്യമാണ്. ജല്‍സയിലെ അതിഥികളെ സംബന്ധിച്ച് എല്ലാവര്‍ക്കും ഒരേ സംവിധാനത്തിനു കീഴില്‍ പരമാവധി ഒരുപോലുള്ള അതിഥി സല്‍ക്കാരമായിരിക്കണമെന്ന് പറഞ്ഞിരുന്നു. (സീറത്ത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ), ഹദ്‌റത്ത് യഅ്ഖൂബ് അലി സാഹിബ് ഇര്‍ഫാനീ സാഹിബ് ഭാഗം 3, പേജ് 395 –396)*

ജല്‍സയുടെ ദിനങ്ങളില്‍ അതിഥിസല്‍ക്കാര സംവിധാനം സാധാരണ അവസ്ഥയില്‍നിന്ന് വ്യത്യസ്തമായിരിക്കും. ഇവിടെ വരുന്ന ആയിരക്കണക്കിന് അതിഥികള്‍ക്ക് സാധ്യമാകുന്നിടത്തോളം ഒരേ തരത്തിലുള്ള സൗകര്യങ്ങള്‍ ചെയ്യാന്‍ ശ്രമിക്കുന്നതാണ്. അതേസമയം അന്യരായ അതിഥികള്‍, വിദേശ അതിഥികള്‍ എന്നിവര്‍ വരുമ്പോള്‍ ചില നിര്‍ബന്ധിതാവസ്ഥകള്‍ കാരണം വ്യത്യസ്തമായ സംവിധാനം ചെയ്യേണ്ടിവരാറുണ്ട്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) അതിഥികളോടു സാധാരണ അവസ്ഥയില്‍ ആദരവും ബഹുമാനവും കാണിച്ചിരുന്നുവെങ്കില്‍പോലും നിങ്ങളുടെ ഇവിടെ വരുന്നതിന്റെ അടിസ്ഥാന ലക്ഷ്യം ദീന്‍ പഠിക്കുകയും ഹൃദയാന്തരാളങ്ങളെ വിമലീകരിക്കുകയും ദൈവസാമീപ്യത്തിന്റെ പടവുകള്‍ താണ്ടുകയുമാണെന്നും അവര്‍ക്ക് നല്ലപോലെ ബോധ്യപ്പെടുത്തിക്കൊടുത്തിരുന്നു. ചുരു

ക്കത്തിൽ ഈ ലക്ഷ്യസാധ്യത്തിനുവേണ്ടിയാണ് നിങ്ങൾ എല്ലാ വർഷവും ഇവിടെ അതിഥികളായി വരികയും ഒത്തുകൂടുകയും ചെയ്യുന്നത്. ഈ ലക്ഷ്യസാധ്യത്തിന് വേണ്ടിയായിരിക്കണം ജൽസയിൽ അതിഥികൾ വരേണ്ടത്. ഈ ദിനങ്ങളിൽ ജൽസയിലിരുന്ന് ജൽസഗാഹിൽ നടക്കുന്ന പ്രോഗ്രാമുകളും പ്രഭാഷണങ്ങളും ശ്രദ്ധയോടെ കേൾക്കുകയും. അവയിൽനിന്ന് ഫലമെടുക്കാൻ ശ്രമിക്കുകയും ചെയ്യുക.

അതിഥികളോടു ചില പൊതുവായ കാര്യങ്ങളും പറയാനുണ്ട്. വിശ്വാസിയെ സംബന്ധിച്ചിടത്തോളം തന്റെ സമയം ശരിയായി പ്രയോജനപ്പെടുത്തേണ്ടത് വളരെ അനിവാര്യമാണ്. ഇത്തരം സമ്മേളനങ്ങളിൽ ദൂരദൂരെ നിന്നുവരുന്ന ബന്ധുക്കളോടും അടുപ്പക്കാരോടും കൂടിക്കാഴ്ചക്കും ഒന്നിച്ചിരിക്കാനും ആഗ്രഹമുണ്ടാകുന്നതാണ്. ഒരു രാജ്യത്തിലെ അടുപ്പക്കാരും ബന്ധുക്കളും മാത്രമല്ല മറ്റു രാജ്യങ്ങളിലെ അടുപ്പക്കാരും ബന്ധുക്കളുമായും കൂടിക്കാഴ്ചക്ക് അല്ലാഹു സംവിധാനമൊരുക്കിയിരിക്കുന്നു. അല്ലാഹു തന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നൽകിയ ജമാഅത്ത് രാജ്യങ്ങളുടേയും ജനതകളുടേയും അതിർത്തികളും വൈജാത്യങ്ങളും ഇല്ലാതാക്കിയിരിക്കുന്നു. മഹത്തായൊരു സാഹോദര്യബന്ധത്തിന് അടിത്തറ വീണുകഴിഞ്ഞിരിക്കുന്നു. ജൽസയിൽ പങ്കെടുക്കുന്നതിന്റെ ഒരു ഉദ്ദേശ്യം ആ മഹാത്മാവ് പറയുന്നു: 'ജമാഅത്തിന്റെ സാഹോദര്യ ബന്ധം ഊട്ടിയുറപ്പിക്കപ്പെടുമാറാകണം.' *(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസഇൻ വാള്യം 6, പേജ്394).* അതിൽ കൂടുതൽ ദൃഢതയുണ്ടാകണം. നമ്മൾ ഒരു സമുദായമായി മാറണം. അതിനുവേണ്ടി പരസ്പരം കൂടിചേർന്നിരിക്കേണ്ടതും അനിവാര്യമാണ്. തമ്മിൽത്തമ്മിൽ കൂടിക്കാഴ്ചയുമുണ്ടാകണം. ഇത് പരസ്പരം പരിചയപ്പെടാനും ബന്ധം വളർത്താനും അനിവാര്യമാകുന്നു. പക്ഷേ, ജൽസയിലെ പകൽ മുഴുവനുമുള്ള പ്രോഗ്രാം ഏതായാലും കേൾക്കേണ്ടതാണ്. അതിനുശേഷം കിട്ടുന്ന സമയംകിട്ടിയാൽ ഒന്നിച്ചിരിക്കുകയും സംസാരിക്കുകയും ബന്ധങ്ങൾ വളർത്തുകയുമാകാം.

ചിലപ്പോൾ പഴയകാല കൂട്ടുകാർ ഒന്നിച്ചിരിക്കുമ്പോൾ സൊറ പറഞ്ഞ് രാത്രി മുഴുവൻ നഷ്ടപ്പെടുത്തുന്നരീതിയിൽ നീണ്ട നേരം കഴിച്ചുകൂട്ടുന്നതായും കണ്ടിട്ടുണ്ട്. പിന്നെ തഹജ്ജുദ് പോകട്ടെ ഫജ്റിനു പോലും വളരെ പ്രയാസപ്പെട്ടാണ് കണ്ണ് തുറക്കുക.

പിന്നെ ചില സമയത്ത് സംഘാടകർക്കും പ്രയാസം നേരിടുന്നു. ഭക്ഷണം കൊടുക്കുന്ന സ്ഥലങ്ങളിൽ സംസാരത്തിൽ മുഴുകുകയും നീണ്ട സംസാരത്തിൽ മുഴുകുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ നമസ്കാര സമയമായെന്നോ ഒരുപാട് നേരമായെന്നോ സംഘാടകർക്ക് ഓർമപ്പെടുത്തേണ്ടി വരുന്നു. അതുപോലെ വീടുകളിൽ താമസിക്കുന്നവർക്കും പ്രയാസമുണ്ടാകുന്നുണ്ടാകും. അതുകൊണ്ട് മധ്യനില സ്വീകരിക്കേണ്ടതാണ്. ആതിഥേയർക്ക് തങ്ങളുടെ ജോലികൾ പൂർത്തിയാക്കി അടുത്ത നേരത്തേക്ക് തയ്യാറെടുപ്പ് നടത്താനുള്ളതാണെന്ന് അതിഥികൾക്കും ബോധമുണ്ടായിരിക്കണം.

നബി(സ)തിരുമേനിയുടെ അടുക്കൽ വരുന്ന അതിഥികളെ സംബന്ധിച്ച് അല്ലാഹു നൽകുന്ന കൽപ്പന സംസാരിച്ചിരുന്ന് സമയം കളയരുത് എന്നാകുന്നു. ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ എഴുന്നേറ്റു പോകുക. ഭക്ഷണപന്തലിൽ ചിലപ്പോൾ തിരക്ക് കൂടുമ്പോൾ ഷിഫ്റ്റുകളായി ഭക്ഷണം നൽകേണ്ടി വരാറുണ്ട്. അതുകൊണ്ട് മറ്റുള്ളവർക്കും വന്ന് സ്വസ്ഥമായി ഭക്ഷണം കഴിക്കാൻ കഴിയുന്നതിനുവേണ്ടി ഭക്ഷണം കഴിച്ചയുടനെ എഴുന്നേറ്റു പോകേണ്ടതാണ്. ഈ കാര്യങ്ങളെല്ലാം പാലിക്കുകയാണെങ്കിൽപ്പിന്നെ പരാതികളുണ്ടാകുന്നതല്ല. നല്ല അന്തരീക്ഷത്തിൽ എല്ലാ കാര്യങ്ങളും നടക്കുന്നതുമാണ്.

ഇപ്രകാരംതന്നെ ഒരുപാടുളുകൾ ഒരുമിച്ചു കൂടുമ്പോൾ അസ്വാരസ്യങ്ങളും ഉണ്ടാകാറുണ്ട്. ചിലപ്പോൾ സംഘാടകരോടു പരാതിയുള്ള അതിഥി ഏതെങ്കിലും വളണ്ടിയറോടു മോശമായി സംസാരിക്കുമ്പോൾ വളണ്ടിയറും അതുപോലെ മറുപടി പറയുന്നു. പിന്നെ കാര്യങ്ങൾ കൂടുതൽ വഷളാകുന്നു. തുടർന്ന് അസ്വാരസ്യങ്ങളുടെ ഒരു ശൃംഖലതന്നെ ഉടലെടുക്കുന്നു. ഇത് ഒറ്റപ്പെട്ട ഒരു കാര്യമായാൽപോലും അത് അന്തരീക്ഷത്തെ അസ്വസ്ഥമാക്കുന്നു. മറ്റാളുകളും അതിൽ അകപ്പെടുന്നു. ഇനി പരാതിപെടുന്നവർ, അല്ലെങ്കിൽ തെറ്റായി സംസാരിക്കുന്നവർ ഇവിടെ യു.കെ.യിൽ താമസിക്കുന്നവരാണെങ്കിൽപ്പിന്നെ അത് കൂടുതൽ നീളുന്നു. തുടർന്ന് മറ്റവസരങ്ങളിലും അത് പ്രകടമാകുന്നു. ഇവിടെ മാത്രമല്ല മറ്റു രാജ്യങ്ങളിലും ഇത് കണ്ടിട്ടുണ്ട്.

യഥാർഥ വിശ്വാസിയെ സംബന്ധിച്ച് അല്ലാഹു പറയുന്നത് അവർ ദേഷ്യത്തെ കടിച്ചമർത്തുന്നവരാണ് എന്നാണ്. അതിക്രമം ചെയ്യുന്നവരോടും ചെയ്യപ്പെട്ടവരോടും ഞാൻ പറയട്ടെ, ജൽസയുടെ അന്തരീക്ഷത്തിന്റെ പരിശുദ്ധി പരിഗണിക്കുക. അതിഥികളും കണ്ണടക്കാനും, പൊറുക്കാനും മറക്കാനും തയ്യാറാകണം. അവരുടെ വീക്ഷണത്തിൽ അധികപ്പറ്റായി വല്ലതുമുണ്ടായിപ്പോയാലും ക്ഷമയും ഉന്നത സ്വഭാവവും പ്രകടിപ്പിക്കുവിൻ.

ഇനി അതിഥികൾ അതിക്രമം കാട്ടിയെന്ന് സംഘാടകർക്ക് തോന്നുകയാണെങ്കിലും അവരും തങ്ങളുടെ കോപം അടക്കുകയും കുടിച്ചിറക്കുകയും ചെയ്യുവിൻ.

അതുപോലെ കാർഡ് ചെക്കിംഗും സെക്യൂരിറ്റിയുമാണ്. സെക്യൂരിറ്റി ചെക്കിംഗ് ഇന്നത്തെ പരിതഃസ്ഥിതിയിൽ വളരെ അനിവാര്യമാകുന്നു. വളരെയേറെ ശ്രദ്ധിക്കേണ്ടിവരാറുണ്ട്. ഇതിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടക്കേണ്ടിവരുന്നതുകൊണ്ട് ചിലർക്ക് പ്രയാസവും അനുഭവപ്പെട്ടേക്കാം. അതിന് സമയവും എടുക്കുന്നുണ്ടാകും. പ്രത്യേകിച്ചും സ്ത്രീകൾക്കിടയിൽ ഇത് കൂടുതൽ പ്രശ്നമാകാറുണ്ട്. കാരണം അവരുടെ കുട്ടികളുമുണ്ടാകും. സാധനങ്ങളും കൂടുതലായിരിക്കും. ചിലപ്പോൾ സ്ത്രീകൾ ഒരുപാട് ബാഗുകൾ എടുത്തിട്ടുണ്ടാകും. ഓരോ ബാഗും ചെക്ക് ചെയ്യാൻ സമയം വേണ്ടിവരും. അതുകൊണ്ട് ഒന്ന് സ്ത്രീകൾ ഇന്ന് കൂടുതൽ സാധനങ്ങളുമായി വന്നിട്ടുണ്ടെങ്കിൽ കുഴപ്പമില്ല. എന്നാൽ, ജൽസാഗാഹിൽ തങ്ങാത്ത സ്ത്രീകൾ, അധികവും പുറത്തുനിന്ന് വന്നവരാണല്ലോ? അടുത്ത രണ്ടു ദിവസങ്ങളിൽ ഏറ്റവും കുറവ് സാധനങ്ങളുമായി വരിക. അങ്ങനെയായാൽ ചെക്കിംഗിന് കുറച്ച് സമയം മതിയാകുന്നതാണ്. കുട്ടികളുള്ള സ്ത്രീകളും കുട്ടികൾക്ക് അത്യാവശ്യമുള്ള സാധനങ്ങൾ കൊണ്ടുവരിക. അധികം സാധനങ്ങൾ കരുതാതിരിക്കുക. അതുകാരണം അനാവശ്യമായി സമയം നഷ്ടപ്പെടുന്നതാണ്. സംഘാടകർക്കും സമയം നഷ്ടമാകുന്നതാണ്. ആളുകളുടെ സമയവും നഷ്ടപ്പെടുന്നതാണ്. ആളുകൾക്ക് ലൈനുകളിൽ കാത്തുനിൽക്കേണ്ടി വരുന്നതാണ്. പിന്നെ സംഘാടകരെ കുറ്റപ്പെടുത്തുകയും ചെയ്യും. ചിലപ്പോൾ ജൽസയിൽ പങ്കെടുക്കുന്നവരുടെ ഭാഗത്തായിരിക്കും തെറ്റ്. ഞാൻ പറഞ്ഞതുപോലെ തങ്ങളുടെ സാധനങ്ങൾ കൂടുന്നതിനനുസരിച്ച് ചെക്കിംഗിലും സമയം കൂടുന്നതായിരിക്കും.

ഒരു വിശ്വാസിയോടുള്ള നബി(സ)തിരുമേനിയുടെ ഒരു കൽപ്പന, ഒരു നിർദേശം നിങ്ങളുമായി ബന്ധം വിച്ഛേദിക്കുന്നവരുമായി നിങ്ങൾ ബന്ധം സ്ഥാപിക്കുക എന്നതാണ്. നിങ്ങൾക്കു തരാത്തവർക്ക് നിങ്ങൾ കൊടുക്കുക. നിങ്ങൾക്കാവശ്യമുള്ളപ്പോൾ നിങ്ങളെ സഹായിക്കാത്തവരെ അവർക്ക് ആവശ്യം വരുമ്പോൾ നിങ്ങൾ സഹായിക്കാതിരിക്കുകയും അങ്ങനെ നിങ്ങൾ പകരംവീട്ടുകയും ചെയ്യുക എന്നതല്ല.

ശേഷം പേജ് 12 ൽ

• ഹദീഥുന്നബവി(സ) •

"എനിക്കുമുമ്പേ ആർക്കും അനുവദിക്കപെടാത്ത 5 കാര്യങ്ങൾ എനിക്ക് അനുവദിച്ചിരിക്കുന്നു.....എനിക്കുവേണ്ടി ഭൂമി ഒരു മസ്ജിദായിട്ടും ശുദ്ധീകരണത്തിനുള്ള ഒരു മാർഗമായിട്ടും ആക്കിയിരിക്കുന്നു(ബു. 7:1)."

TIMBELLA
BEAUTY FROM TIMBER
—NILAMBUR—

SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES


BEAUTY FROM TIMBER NILAMBUR

ത്വാലിബെ ദുആ

• അല്ലാഹുവിന്റെ കലാം •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

tectona
feel more confidence



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

പേജ് 1 ൽ നിന്ന്

സംബന്ധിച്ച് മനസ്സിലാക്കിയിരിക്കുന്നത് അവ മുഖേന തന്റെ എല്ലാ കാര്യങ്ങളും പൂർത്തീകരിക്കപ്പെടുമെന്നാണ്. അല്ലാഹുവിന്റെ നിയന്ത്രണത്തിന്റെ വിചാരം മനസ്സിൽനിന്ന് നീക്കുകയും ഈ ഭൗതികമായ കാര്യഹേതുക്കൾക്കൊണ്ടു മാത്രം തന്റെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കപെടുമെന്ന് വിചാരിക്കുകയും ചെയ്യുന്നു. ഇതും ശിർക്കാണ്. ഈ കാര്യഹേതുക്കളിൽ അല്ലാഹു ഇന്ന കഴിവ് വെച്ചിട്ടുണ്ടെന്നും അവന്റെ ഉദ്ദേശ്യത്തിനു വിധേയമായാണ് അവയുടെ ഫലമുണ്ടാകുന്നതെന്നും വിചാരിക്കുയാണെങ്കിൽ അത് ശിർക്കാകുയില്ല.

അഞ്ച്: അഞ്ചാമത്തെ തരത്തിലുള്ള ശിർക്ക് മനുഷ്യനു നൽകപ്പെടാതെ അല്ലാഹു തനിക്കുവേണ്ടി മാത്രം പ്രത്യേകപ്പെടുത്തിയിട്ടുള്ള സവിശേഷ ഗുണങ്ങളാണ്. ഉദാഹരണത്തിന് മരിച്ചവരെ ജീവിപ്പിക്കൽ. അല്ലെങ്കിൽ ഏതെങ്കിലും വസ്തു ഉണ്ടാക്കൽ. അല്ലെങ്കിൽ അല്ലാഹുവിന്റെ അനാദ്യമായതും അനശ്വരമായതുമായ അവസ്ഥ. ഇത്തരം കാര്യങ്ങളിൽ അല്ലാഹുവിന്റെ പ്രത്യേകത ഇല്ലാതാക്കുക. ഈ സവിശേഷ ഗുണങ്ങളിൽ മറ്റാരെയെങ്കിലും പങ്കുകാരാക്കുക. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ പങ്കുകാരാക്കിയാലും വേണ്ടില്ല. അതായത് അല്ലാഹു തന്റെ ഇഷ്ടത്താലും തന്റെ കൽപനയോടുകൂടി യും ഈ സവിശേഷ ഗുണങ്ങളോ അല്ലെങ്കിൽ അതിലെ കുറച്ചു ഭാഗമോ പ്രത്യേകവ്യക്തിക്ക് കൊടുത്തിരിക്കുന്നുവെന്ന് കരുതൽ. ഇതും ശിർക്കിൽപ്പെട്ടതാണ്.

ആറ്: ശിർക്കിന്റെ ആറാമത്തെ തരമെന്നു പറയുന്നത് മനുഷ്യൻ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളകാര്യഹേതുക്കളെ പാടേ അവഗണിക്കുക എന്നതാണ്. ഏതെങ്കിലും വ്യക്തിയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവോ അല്ലാഹു ഏതോ പ്രത്യേകജോലിക്കു വേണ്ടി നിശ്ചയിച്ചിട്ടുള്ള ഈ കാര്യഹേതുക്കൾ ഉപയോഗിക്കാതെതന്നെ തന്റെ പ്രത്യേക ശക്തിമുഖേന ഈ ജോലി നിറവേറ്റിയെന്ന് മനസ്സിലാക്കുക. ഉദാഹരണത്തിന് അല്ലാഹു അഗ്നി സൃഷ്ടിച്ചിട്ടുള്ളത് കത്തിക്കുന്നതിനുവേണ്ടിയാണ്. ഇനി ഏതെങ്കിലും വ്യക്തിയാണ് തന്റെ വ്യക്തിപരമായ ശക്തികൊണ്ട് പ്രകൃതിനിയമത്തിൽ വെച്ചിട്ടുള്ള മറ്റു മാർഗങ്ങളൊന്നും ഉപയോഗിക്കാതെ തീ കത്തിച്ചതെന്ന് ആരെങ്കിലും വിചാരിച്ചാൽ അത് ശിർക്കായിരിക്കും. പക്ഷേ, ഇതിൽ മെസ്മെരിസം തുടങ്ങിയവ ഉൾപ്പെടുന്നില്ല. കാരണം ഈ കഴിവുകൾ സ്വയമേവ പ്രകൃതിനിയമത്തിൽ അടങ്ങിയതാണ്. ഏതെങ്കിലും വ്യക്തിയുടെ വ്യക്തിപരമായ കഴിവല്ല.

ഏഴ്: ശിർക്കിന്റെ ഏഴാമത്തെ ഇനം അല്ലാഹുവിന് ഏതെങ്കിലും വ്യക്തിയോടു, അയാൾ പറയുന്ന എല്ലാ കാര്യങ്ങളും സമ്മതിക്കുംവിധം സ്നേഹമാണെന്ന് വിചാരിക്കലാണ്. അങ്ങനെയായാൽ അതിന്റെ അർത്ഥം ആ ദാസൻ ദൈവത്വത്തിന്റെ കഴിവുകൾ ഉൾക്കൊള്ളുന്നു എന്നാണ്. *(തഫ്സീറെ കബീർ വാല്യം 6, പേജ് 43, പ്രസാധനം ഖാദിയാൻ 2010)*

പേജ് 7 ൽ നിന്ന്

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് സുഖമില്ലെന്ന് വിളംബരമുണ്ടായി. അന്ന് ബയ്അത്ത് ഉണ്ടായില്ല. തിരിച്ചുവന്നു. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കൈയിലാണ് ബയ്അത്ത് ചെയ്തത്. 1974-ൽ വാടക വീട്ടിലാണ് താമസിച്ചിരുന്നത്. എതിരാളികൾ ഈ വീടിന് തീയിട്ടു. എല്ലാ സാധനങ്ങളും അഗ്നിക്കിരയാക്കി. ആരും അഭയം നൽകാൻ തയ്യാറായില്ല. പിന്നീട് ഒരു അഹ്മദി തന്റെ വീട്ടിൽ അഭയം നൽകി. പറയുന്നു: എന്റെ പിതാവ് വളരെ ക്ഷമയും നന്ദിയും പ്രകടിപ്പിച്ചുകൊണ്ട് ഈ വീട്ടിൽ കഴിച്ചുകൂട്ടി. ഒരിക്കലും പരാതി പറഞ്ഞില്ല. എല്ലാം കത്തിപ്പോയല്ലോ എന്നും ഒരിക്കലും പറഞ്ഞില്ല. അതിനുപകരം, അല്ലാഹു കുറച്ച് കാലത്തിനകംതന്നെ പുതിയ വീടുണ്ടാക്കാൻ തൗഫീഖ് നൽകി. 1974-ലെ ത്യാഗത്തിന്റെ ഫലമാണിതെന്ന് അദ്ദേഹം പറയുമായിരുന്നു. 1974-ൽ മുഗൾപുര മസ്ജിദിൽ കാവൽ നിൽക്കുമ്പോൾ അനഹ്മദികൾ മസ്ജിദിൽ ആക്രമണം നടത്തി. അവർ ഇരുമ്പുദണ്ഡുകൊണ്ട് അദ്ദേഹത്തിന്റെ തലയ്ക്കടിച്ചു. അങ്ങനെ പരിക്കേറ്റു. ജീവിതം മുഴുവനും ശിരസിൽ അതിന്റെ കല ഉണ്ടായിരുന്നു.

പറയുന്നു: എന്റെ പിതാവ് എപ്പോഴും തഹജ്ജുദിൽ കരയുന്നത് ഞാൻ കണ്ടിട്ടുണ്ട്. നമസ്കാരത്തിൽ പ്രത്യേകം ശുഷ്കാന്തി കാണിച്ചിരുന്നു. വീട് നമസ്കാര സെന്ററായിരുന്നു. അഞ്ചുനേര നമസ്കാരത്തിന് ഇമാമത്ത് വഹിച്ചിരുന്നു. വിശുദ്ധ ഖുർആൻ പാരായണത്തിനും, നമസ്കാരത്തിനും വീട്ടുകാരേയും ഉണർത്തിയിരുന്നു.

പറയുന്നു: 'ഒരിക്കൽ മുഹല്ലയിലുള്ള ഒരു മസ്ജിദിലെ മൗലവി അഹ്മദികളുടെ ഖുർആൻ വേറെയാണെന്നും മറ്റൊരു രീതിയിലാണ് നമസ്കരിക്കുന്നതെന്നും പറഞ്ഞു. ആ സമയത്ത് ആ മസ്ജിദിൽ ഞങ്ങളുടെ ഒരു അയൽക്കാരൻ (അഹ്മദി) ഇരിക്കുന്നുണ്ടായിരുന്നു. അയാൾ പറഞ്ഞു: 'മൗലവി സാഹിബേ! നിങ്ങൾ പറയുന്നത് തെറ്റാണ്. ഈ തെരുവിൽ നൂറുൽ ഹഖ് സാഹിബിന്റെ വീട്ടിൽനിന്ന് മാത്രമാണ് വിശുദ്ധഖുർആൻ ഓതുന്ന ശബ്ദം വരാറുള്ളത്. നമ്മൾ പാരായണം ചെയ്യുന്ന അതേ ഖുർആനാണ് അവരും ഓതുന്നത്.' ഇന്ന് ആളുകൾ മൗലവിമാരെ എത്രമാത്രം ഭയപ്പെടുന്നുവെന്നാൽ ഇങ്ങനെ പറയാൻ ആർക്കും ധൈര്യമുണ്ടാകുന്നില്ല. ഏതായാലും അദ്ദേഹം തന്റെ നാട്ടിലെ വളരെ ശുദ്ധഹൃദയനായ മനുഷ്യനായിരുന്നു. അന്തിമ രോഗാവസ്ഥയിൽ കഠിന വിരോധികളായ അനഹ്മദികളും അദ്ദേഹത്തിന്റെ രോഗാവസ്ഥ അറിയാൻ വന്നിരുന്നു. വളരെയേറെ കൈയ്യയച്ച് നൽകുന്നയാളും സാധുസംരക്ഷകനുമായിരുന്നു. ആരുമറിയാതെ ആവശ്യക്കാർക്ക് അവശ്യസാധനങ്ങൾ എത്തിച്ചുകൊടുത്തിരുന്നു.

സന്തപ്ത കുടുംബത്തിൽ ഒരു മകനും മൂന്ന് പെൺമക്കളുമുണ്ട്. ഒരു മകൾ അമത്തുൽ മത്തീൻ മുറബ്ബി അലീം മഹ്മൂദ് സാഹിബിന്റെ ഭാര്യയാണ്. അവരും ഘാനയിലായിരുന്നതിനാൽ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. വഫാത്ത് വേളയിൽ അവിടെ ഇല്ലായിരുന്നു. മകൻ റാഗിബ് സിയാഹുൽ ഹഖ് ടൻസാനിയായിൽ മുറബ്ബിയായി സേവനം ചെയ്യുന്നു. അദ്ദേഹത്തിനും ഫീൽഡിലായതിനാൽ പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

അല്ലാഹു പരേതനോട് കരുണയോടും പൊറുമയോടും വർത്തിക്കുമാറാകട്ടെ. അവർക്കെല്ലാം സ്വബ്റും സ്ഥൈര്യവും നൽകുമാറാകട്ടെ.

അടുത്ത അനുസ്മരണം റബ്വയിലെ മർഹൂം മുഹമ്മദു ശഫീഅ് സാഹിബിന്റെ ഭാര്യ അമത്തുൽ ഹഫീള് നഗഹത്ത് സാഹിബയുടേതാണ്. കഴിഞ്ഞ ദിവസം വഫാത്തായി. പരേത മൂസിയ ആയിരുന്നു. ജർമനിയിലെ മുറബ്ബി മുബാറക് തൻവീർ സാഹിബിന്റെ ഭാര്യാമാതാവാണ്. മകൾ അമത്തുൽ ജമീൽ ഗസാല സാഹിബ ജർമനി നാഇബ് സ്വദ്ർ ലജ്നയാണ്.

അമത്തുൽ ജമീൽ സാഹിബ എഴുതുന്നു: എന്റെ മാതാവ് നമസ്കാരം, നോമ്പുതുടങ്ങിയ കാര്യങ്ങളിൽ അതീവതാൽപര്യം കാണിച്ചിരുന്നു. ഉന്നത സ്വഭാവങ്ങളുള്ള നല്ല വ്യക്തിത്വത്തിന് ഉടമയായിരുന്നു. ആരെങ്കിലും ദുആക്ക് പറഞ്ഞാൽ അത് തനിക്ക് നിർബന്ധമാണെന്ന് കരുതി പൂർണശ്രദ്ധയോടെ, ഹൃദയപൂർവ്വം അക്കാര്യത്തിന് ദുആ ചെയ്തിരുന്നു. ഖിലാഫത്തിനോടു വളരെയേറെ കൂറുണ്ടായിരുന്നു. കുട്ടികൾക്കും പ്രസ്തുത ശിക്ഷണം നൽകിയിരുന്നു. ജമാഅത്തുപരമായ ജോലികളിൽ താൽപര്യപൂർവ്വം പങ്കെടുത്തിരുന്നു. ദീനീ സേവനമാണ് യഥാർഥ മൂലധനമെന്ന് പ്രവർത്തനത്തിലൂടെ ഞങ്ങൾക്ക് കാണിച്ചുതന്നിരുന്നു. ലജ്നയുടെ വിവിധ വകുപ്പുകളിൽ സേവനം ചെയ്തിട്ടുണ്ട്. തബ്ലീഗിൽ പ്രത്യേക ആവേശമായിരുന്നു.

എതിർപ്പ് ശക്തമല്ലാതിരുന്ന, തബ്ലീഗ് ചെയ്യാൻ അനുമതിയുണ്ടായിരുന്ന കാലത്ത് ദൂരെ സ്ഥലങ്ങളിൽ തബ്ലീഗ് ചെയ്യാൻ കാൽനടയായി പോയിരുന്നു. മെഡിക്കൽ ക്യാമ്പ് നടത്തി ഹോമിയോപ്പതി മരുന്നുകൾ വിതരണം ചെയ്തിരുന്നു. അവരുടെ പ്രവർത്തനഫലമായി അല്ലാഹു 50 ഓളം ആളുകൾക്ക് ബയ്അത്ത് ചെയ്യാൻ സൗഭാഗ്യം നൽകിയിട്ടുണ്ട്. ഭൗതിക വിദ്യാഭ്യാസം വളരെ കുറവായിരുന്നു. പക്ഷേ, വിജ്ഞാനം ആർജിക്കാനുള്ള താൽപര്യമുണ്ടായിരുന്നു. ദീനി ഗ്രന്ഥങ്ങൾ വായിച്ച് തെളിവ് സഹിതം സംസാരിക്കുമായിരുന്നു. ആളുകളോട് അവരുടെ ബൗദ്ധിക നിലവാരമനുസരിച്ച് സംസാരിച്ചിരുന്നു. വീട്ടിൽ വരുന്ന യാചകരേയും വെറുംകൈയോടെ വിടുമായിരുന്നില്ല. യാചിക്കുന്നതിന് പകരം ജോലി ചെയ്യാൻ സ്ത്രീകളോട് പറഞ്ഞിരുന്നു. പല പാവപ്പെട്ട പെൺകുട്ടികളേയും വീട്ടിൽ വളർത്തുകയും അവരുടെ വിവാഹ ചെലവുകൾ സന്തോഷപൂർവ്വം വഹിക്കുകയും ചെയ്തിരുന്നു. അവരുമായി എപ്പോഴും നല്ലനിലയിൽ പെരുമാറിയിരുന്നു. ഗസാല സാഹിബ പറയുന്നു: ഞാൻ കാണാൻ ചെന്നപ്പോൾ പറഞ്ഞു: നീ വാഖ്ഫെ സിന്ദഗിയാണ്. ഞാൻ നിന്നെ തടയുന്നില്ല. ലീവ് കഴിഞ്ഞ് നീ പൊയ്ക്കൊള്ളുക. രോഗം മൂർച്ഛിച്ചപ്പോൾ അവരെ വിളിക്കാമെന്ന് സഹോദരൻ പറഞ്ഞപ്പോൾ വേണ്ട, വാഖ്ഫെ സിന്ദഗിയാണെന്ന് പറഞ്ഞു. സന്തപ്ത കുടുംബത്തിൽ 2 ആൺമക്കളും 2 പെൺമക്കളുമുണ്ട്. നിരവധി പേരമക്കളുമുണ്ട്. അവർക്ക് ഏതെങ്കിലും വിധത്തിൽ ജമാഅത്തുപരമായ സേവനത്തിന് തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നു. വീട്ടിൽ നല്ല ദീനീ അന്തരീക്ഷമാണ് ഉണ്ടാക്കിയിരുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ രണ്ടു ജാമാതാക്കൾക്കും ജമാഅത്തുപരമായ സേവനത്തിന് തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു അവരോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. മക്കൾക്ക് അവരുടെ നന്മകൾ തുടരാൻ കഴിയുമാറാകട്ടെ. *(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശേരി)*

**ജൽസാ സാലാന, ഖാദിയാൻ 2024**

**ഡിസംബർ 27,28,29 (വെള്ളി, ശനി, ഞായർ)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 29 August 2024 Issue-35

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

പേജ് 10 ൽ നിന്ന്

അവിടന്ന് പറഞ്ഞു: നിങ്ങളെ ആരാണോ ചീത്തവിളിക്കുന്നത് അവരോടും വിട്ടുവീഴ്ചയോടെ പെരുമാറുക.*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 5, പേജ് 373, ഹദീഥ് 15703, പ്രസാധനം ആലമുൽകുതുബ്, ബെയ്റുത്ത് 1998)*

അതിനാൽ ഇവിടെ ചീത്തപറയുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. ഇവിടെ ഒരു നിർബന്ധ കടമയുടെ നിർവഹണമാണ് നടക്കുന്നത്. ഉത്തരവാദപ്പെട്ടവരെ ഏൽപിച്ചിട്ടുള്ള ചുമതല നിറവേറ്റലാണ്. ഇവിടെ ഉദ്യേഗസ്ഥന്മാരിൽനിന്ന് അറിയാതെ എന്തെങ്കിലും തെറ്റു സംഭവിക്കുകയോ പരിശോധനയ്ക്കിടയിൽ താമസം നേരിടുകയോ ആരുടെയെങ്കിലും കാർഡിൽ എന്തെങ്കിലും ആക്ഷേപമുണ്ടാകുകയോ ചെയ്താൽ ദോഷം കാണുന്നതിനുപരം ക്ഷമ കാണിക്കേണ്ടതാണ്. ഇക്കാര്യമാണ് നബി(സ) തിരുമേനി പറഞ്ഞത്. ഇത് വിശാലമനസ്കതയിലേക്ക് മാർഗദർശനം നല്കുന്നു.

വിശാലമനസ്കതയുണ്ടായാൽ അരുചികരമായ എല്ലാ കാര്യങ്ങളും വഴക്കുകളും അവസാനിക്കുന്നതാണ്. അതുകൊണ്ട് അതിഥികളോടും ചുമതലകൾ നിർവഹിക്കുന്നവരോടും വിശാലമനസ്കത കാണിക്കുക എന്നത് അവരുടെ നിർബന്ധ കടമയാണ്. പരിശോധന നടത്തുന്നവരും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. അതായത് അതിഥികൾക്ക് എത്രത്തോളം സൗകര്യം ചെയ്തുകൊടുക്കാൻ കഴിയുമോ ചെയ്തു കൊടുക്കാൻ ശ്രമിക്കുക. ഇതിനുവേണ്ടി സംഘാടകർക്ക് കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടിവന്നാൽ നിയമിക്കുക; പ്രത്യേകിച്ചും തിരക്കുള്ള നേരത്ത്!

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് പരസ്പരം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും മാതൃകയാകാൻ ശ്രമിക്കേണ്ടതാണ്. *(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാള്യം 6, പേജ് 394).* ഇതുതന്നെയാണ് അല്ലാഹു മുഅ്മിനീങ്ങളെ കുറിച്ച് പറഞ്ഞത്. അതിനാൽ ചെറിയ ചെറിയ കാര്യങ്ങളിൽ കെട്ടിപ്പിണഞ്ഞ് കിടക്കുന്നതിനു പകരം നമ്മൾ നമ്മുടെ ജീവിതലക്ഷ്യം കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അത് റുക്കൂഉം സുജൂദും ആരാധനകളുംകൊണ്ടാണ് ലഭിക്കുന്നത്. ദൈവസ്മരണ കൊണ്ടാണ് ലഭിക്കുന്നത്. ഇവിടെ വന്നിട്ടുള ഓരോ അതിഥിയും തങ്ങളുടെ യാത്ര അല്ലാഹുവിനുവേണ്ടി മാത്രമാക്കാൻ ശ്രമിക്കുക. ഉദ്യോഗസ്ഥരും ഓർമിക്കുക, അതിഥികളും ഓർമിക്കുക അനഹ്മദികളായ ചിലരും ഇവിടെ വന്നിട്ടുണ്ടാകും. അമുസ്ലിമീങ്ങളും ഇവിടെ വന്നിട്ടുണ്ടാകും. എല്ലവരും, അതിഥിയും ആതിഥേയനും ഉദാത്തമായ സ്വഭാവം പ്രകടിപ്പിക്കുകയാണെങ്കിൽ അവർ നിശബ്ദമായ പ്രബോധനമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതുമുഖേനയും അന്യരിൽ വളരെ നല്ല സ്വാധീനമുണ്ടാകുന്നതാണ്. പിന്നീട് അവർക്ക് ഇസ്‌ലാമിലേക്കും ശ്രദ്ധയുണ്ടാകും. ഇസ്‌ലാമികാധ്യാപനങ്ങളുടെ വിശേഷ ഗുണങ്ങളിൽ അവർ ആകൃഷ്ടരാകുകയും ചെയ്യും.

മറ്റൊരു പ്രധാനകാര്യം ഇവിടെ വരുന്നവർ പരസ്പരം സലാം പറയുന്ന രീതി വിശാലമാക്കുക എന്നതാണ്. ഇതിലും ഏറ്റവും കൂടുതൽ ശ്രമിക്കുക. നമുക്ക് പഠിപ്പിക്കപ്പെട്ടിട്ടുള്ളത് അനുഗൃഹീതവും പരിശുദ്ധവുമായ ദുആയാണ്. ആതിഥേയരും അതിഥികളും പരസ്പരം സലാം പറയുമ്പോൾ അവിടെ അവർ എല്ലാതരത്തിലുള്ള ഭയത്തിൽനിന്നും ചിന്തയിൽനിന്നും സ്വതന്ത്രരാകുന്നു. അവിടെ പരസ്പരം ഉപകാരം നേടുന്ന പ്രാർഥന നല്കിക്കൊണ്ടിരിക്കുകയാണ് അവർ ചെയ്യുന്നത്. അതിനാൽ അല്ലാഹു നമുക്കു പഠിപ്പിച്ചു തന്നിട്ടുള്ള ഈ പരിശുദ്ധവും അനുഗൃഹീതവുമായ പ്രാർഥനയിലേക്ക് ഈ ദിനങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നുക. നമ്മൾ എല്ലാ ഭാഗത്തും സമാധാനവും മൈത്രിയും സ്നേഹവും വ്യാപിപ്പിക്കുന്നവരായിത്തീരുന്നതിനും ഈ അന്തരീക്ഷം അല്ലാഹുവിനുവേണ്ടി മാത്രം മൈത്രിയുടേയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷമായിത്തീരുന്നതിനും നമ്മൾ ശ്രമിക്കേണ്ടതാണ്. സ്വാർഥപരമായ എല്ലാത്തരം ഉദ്ദേശ്യങ്ങളിൽനിന്നും നമ്മെ ശുദ്ധീകരിക്കാനും ശ്രമിക്കേണ്ടതാണ്. ഈ ദിനങ്ങളിൽ നമ്മുടെ ജീവിതത്തിൽ ഒരു വിപ്ലവമുണ്ടാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്. നമുക്ക് എല്ലാ കാര്യത്തിലും നബി(സ) തിരുമേനിയുടെ സ്വഹാബത്തിന്റെ മാതൃകയുണ്ട്. അതിഥികളുടെ ഉദാത്തമായ സ്വഭാവത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ, നബി(സ) തിരുമേനിയുടെ കാലത്ത് നബി(സ) തിരുമേനിയുടെ സ്വഹാബത്തിന്റെ പരിശുദ്ധ ശക്തികൊണ്ട്, വിശുദ്ധ ഖുർആനിലെ സകല കൽപ്പനകളുമനുസരിച്ച് കർമങ്ങൾ ചെയ്യാൻ അവർ ശ്രമിച്ചിരുന്നു. വിശുദ്ധ ഖുർആനിലെ ഒരു കൽപ്പനയാണ് ഏതെങ്കിലും അതിഥി ഏതെങ്കിലും വീട്ടിൽ പോയാൽ, വീട്ടുകാരൻ മടങ്ങിപ്പോകാൻ പറഞ്ഞാൽ ആ നേരത്ത് സന്തോഷത്തോടെ മടങ്ങിപ്പോകണമെന്നത്. വിശാല മനസ്കത കാണിക്കുക. ഒരു സ്വഹാബി പറയുന്നു:അല്ലാഹുവിന്റെ ഈ കൽപ്പനയനുസരിച്ച് പ്രവർത്തിക്കുന്നവനാകാനും ഞാനാഗ്രഹിച്ചിരുന്നു. അതായത് ഏതെങ്കിലും വീട്ടിൽപോകുക, വീട്ടുകാരൻ തനിക്കിപ്പോൾ സമയമില്ലെന്നും അതിനാൽ എന്നോടു മടങ്ങിപ്പോകാൻ പറയുകയും ചെയ്യുക. അപ്പോൾ ഞാൻ സന്തോഷത്തോടെ അല്ലാഹുവിന്റെ ഇഷ്ടം ആഗ്രഹിച്ചുകൊണ്ട് മടങ്ങി വരിക! പക്ഷേ, താൻ പലവട്ടം ഇതിനുവേണ്ടി ശ്രമിച്ചെങ്കിലും ഒരിക്കലും ഈ അവസരം കിട്ടിയില്ല. അതായത് വീട്ടിൽനിന്ന് ആരും മടക്കിയില്ല.*(തഫ്സീർ ദുർറെ മൻഥൂർ വാള്യം 5(മുത്തർറജിം)പേജ് 116, പ്രസാധനം ളിയാഉൽഖുർആൻ പബ്ലിക്കേഷൻസ് ലാഹോർ 2006)*

ഈ ഉൽക്കൃഷ്ടമായ സ്വഭാവമായിരുന്നു ആതിഥേയന്റേയും വീട്ടുകാരുടേയും ഏതെങ്കിലും വീട്ടിൽ പോകുന്ന അതിഥിയുടേയും. ഈ വിശാലമനസ്കത ഉണ്ടാകേണ്ടതാണ്. മനുഷ്യനിൽ ഈ വിശാലമനസ്കത ഉണ്ടാകുമ്പോൾ ചെറിയ ചെറിയ കാര്യങ്ങളെ മനുഷ്യൻ അവഗണിച്ചു കളയുന്നതായിരിക്കും.

ഞാൻ പരസ്പരം സലാം ചൊല്ലുന്നതിനെക്കുറിച്ചാണ് സംസാരിച്ചത്. ഇതു സംബന്ധമായുള്ള മറ്റൊരു കാര്യവും ഓർമിക്കുക:

നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ പരിചിതർക്കും അപരിചിതർക്കും സലാം ചൊല്ലുക. *(സ്വഹീഹ് ബുഖാരി കിതാബുൽ ഈമാൻ ബാബ്(അഫ്ശാഉ)സ്സലാം മിനൽ ഇസ്‌ലാം ഹദീഥ് 28)*

സലാം പ്രചരിപ്പിക്കുന്നതിനുവേണ്ടി നിങ്ങൾ എത്രത്തോളം പോകണമെന്നാൽ പരിചയമുള്ളവർക്കും പരിചയമില്ലാത്തവർക്കും സലാം ചൊല്ലുക. ഈ സമാധാനത്തിന്റെ രീതിയുണ്ടാകുമ്പോൾ അതിഥി അവർ അന്യജമാഅത്തിലുള്ളവരാണ്, നവഅഹ്മദികളാണ് അവരുടെ മനസ്സിൽ നല്ലൊരു സ്വാധീനം അതുണ്ടാക്കുന്നതായിരിക്കും. ഈ പരിശുദ്ധമായ ചുറ്റുപാടിൽനിന്ന് ഏറ്റവും കൂടുതൽ ഫലമെടുക്കുന്നവരും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തെ വാഴുത്തുന്നവരുമായിത്തീരുകയും ചെയ്യും. ഇതനുസരിച്ച് പ്രവർത്തിക്കുന്ന നവഅഹ്മദികൾ കൂടുതൽ നല്ല രീതിയിൽ വ്യവസ്ഥിതിയോടു ആവേശമുള്ളവരായിത്തീരും. ചില സ്ഥലങ്ങളിൽ തങ്ങളെ സ്വീകരിക്കുന്നില്ലെന്ന പരാതി അവർക്കുണ്ട്. (തുടരും)

**• അല്ലാഹുവിന്റെ കലാം •**

**എനിക്ക് ആഹാരവും പാനീയവും നല്കുന്നവനാണ് അവൻ (അല്ലാഹു).**
**ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു(26:80 – 81)**

ജഅഠഒഅജജകഞകഥഅഒ, ഗ്ലഞഅംഘഅ

ത്വാലിബെ ദുആ
AYUR PHARMACY
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin